I ഇ.ബി. XII-കേരള നിയമസഭ /VI-11

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നിയമസഭാനടപടികൾ - സംഗ്രഹം
(ചോദ്യോത്തരങ്ങൾ ഒഴികെ)

2007 സെപ്റ്റംബർ 18, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## തിരുത്ത്

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): പന്ത്രണ്ടാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിട്ട 4-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിലെ (എ) പിരിവിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള ഉത്തരം മേശപ്പുറത്ത് വയ്ക്കുന്നു.

## അടിയന്തിരപ്രമേയം

**ഹാരിസൺ മലയാളം ലിമിറ്റഡിന്റെ പാട്ടക്കരാർ ലംഘനം**

മി. സ്പീക്കർ : ഹാരിസൺ മലയാളം ലിമിറ്റഡിന്റെ കൈവശമുള്ള 22 എസ്റ്റേറ്റുകളിലെ 25,000 ഏക്കർ ഭൂമിയിൽനിന്ന് ഗവൺമെന്റുമായുള്ള പാട്ടക്കരാറുകൾ ലംഘിച്ച് സ്ഥലം മറിച്ചുവിൽക്കുകയും മരം മുറിച്ചുമാറ്റുകയും ചെയ്തതുമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി.ഡി. സതീശൻ, കെ. കുട്ടി അഹമ്മദ് കുട്ടി, തോമസ്

ചാഴികാടൻ, കെ.ബി. ഗണേഷ് കുമാർ, കെ.കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): അന്യാധീനപ്പെട്ട സർക്കാർ ഭൂമി വീണ്ടെടുക്കാനും അനധികൃത ഭൂമികയ്യേറ്റങ്ങൾ തടയാനുമുള്ള തീവ്ര സമരത്തിലാണ് ഗവൺമെന്റ്. സർക്കാരിന്റെ സ്വത്തിൽ തന്നിഷ്ടംപോലെ കൈകാര്യം നടത്താൻ ആരേയും അനുവദിക്കില്ല. ഹാരിസൺ മലയാളം ലിമിറ്റഡ് പാട്ട വ്യവസ്ഥകൾ ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടപ്പോഴെല്ലാം കർശന നടപടി സ്വീകരിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ ഹാരിസൺ മലയാളം ലിമിറ്റഡ് പാട്ടത്തിനെടുത്ത തോട്ടങ്ങൾ കീഴ് പാട്ടത്തിന് കൊടുത്തതിലൂടെ ലഭിച്ച 98.64 ലക്ഷം രൂപ ഗവൺമെന്റിലേയ്ക്ക് തിരിച്ചടയ്ക്കാൻ 3-11-06-ൽ ഫോറസ്റ്റ് സെക്രട്ടറി നോട്ടീസ് കൊടുത്തിട്ടുണ്ട്. കോന്നി ഡിവിഷനിലെ അരുവപ്പുരം വില്ലേജിൽ ഈ കമ്പനിയുടെ കൈവശമിരുന്ന 785 ഏക്കർ ഭൂമി 7-7-2007-ന് ഏറ്റെടുത്ത് നോട്ടിഫൈ ചെയ്തിട്ടുണ്ട്. കൂടാതെ അനധികൃത ക്രയവിക്രയങ്ങളെക്കുറിച്ച് സമഗ്രമായി അന്വേഷിച്ചുവരികയാണ്. ഹാരിസൺ മലയാളം ലിമിറ്റഡിന് ഗവൺമെന്റ് ഒത്താശ ചെയ്തുകൊടുക്കുന്നുവെന്ന ആരോപണം രാഷ്ട്രീയ പ്രേരിതമാണ്. ഇതിൽ യാതൊരു കഴമ്പുമില്ല.

ശ്രീ. വി.ഡി. സതീശൻ: കേരളത്തിൽ ഹാരിസൺ മലയാളം ലിമിറ്റഡിന് 22 എസ്റ്റേറ്റുകളിലായുള്ള ഇരുപത്തയ്യായിരത്തോളം ഏക്കർ പാട്ടഭൂമിയിൽ നിന്ന് കരാർ ലംഘിച്ച് വ്യാപകമായി മരങ്ങൾ മുറിച്ചുവിൽക്കുകയും വാഴ, പൈനാപ്പിൾ എന്നീ കൃഷികൾക്ക് കീഴ് പാട്ടത്തിന് കൊടുക്കുകയും ചെയ്യുന്നതിനുപുറമെ കോടിക്കണണക്കിന് രൂപയുടെ മരങ്ങൾ

മുറിച്ചുമാറ്റുകയുമാണ്. പാട്ടത്തിന് കൊടുത്തിരിക്കുന്ന ഭൂമിയിൽനിന്ന് ഒരു കാരണവശാലും മരം മുറിച്ചുമാറ്റരുതെന്ന് ഇതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ഒരു പൊതു താൽപര്യ ഹർജിയിന്മേൽ 16-3-2007-ൽ വിധി വന്നിട്ടുള്ളതാണ്. അതിനുശേഷം ആറ് പ്രാവശ്യം കേസ് പോസ്റ്റ് ചെയ്തിട്ടും ഹൈക്കോടതിയിൽ എതിർ സത്യവാങ്മൂലം സമർപ്പിക്കാതെ അനുകൂല വിധി സമ്പാദിച്ച വക്കീലിനെ മാറ്റുക വഴി ഗവൺമെന്റും വനം വകുപ്പ് ഉദ്യോഗസ്ഥരും ഒത്തുകളിച്ച് ഹാരിസൺ മലയാളം ലിമിറ്റഡിന് അനുകൂലമായ ഒരു ഉത്തരവ് കിട്ടുന്നതിന് ഒത്താശ ചെയ്തുകൊടുത്തു. ഹാരിസൺ മലയാളം ലിമിറ്റഡുമായി ബന്ധപ്പെട്ട എല്ലാ കേസുകളും സീനിയർ ഗവൺമെന്റ് പ്ളീഡർക്ക് കൊടുക്കണമെന്ന അഡ്വക്കേറ്റ് ജനറലിന്റെ ഉത്തരവ് പാലിക്കപ്പെട്ടിട്ടില്ല. ഹൈക്കോടതിയുടെ ആദ്യ ഉത്തരവ് മറച്ചുവച്ച് രണ്ടാമത്തെ റിട്ട് പെറ്റീഷനിലൂടെ ഹാരിസൺ മലയാളം ലിമിറ്റഡ് ബോണ്ട് വച്ച് മരങ്ങൾ നീക്കംചെയ്യാനുള്ള അനുകൂല ഉത്തരവ് കരസ്ഥമാക്കി. ആ ഓർഡർ വെക്കേറ്റ് ചെയ്യാൻ സർക്കാർ നടപടി സ്വീകരിച്ചില്ല. ഇതുസംബന്ധിച്ച് വകുപ്പുമന്ത്രിക്ക് യാതൊന്നും അറിയില്ലെന്ന വാദം ശരിയല്ല. ഇത്രയും നിരുത്തരവാദപരമായി, ഉദാസീനതയോടെ കേസ്സുകൾ കൈകാര്യം ചെയ്ത് ഏക്കർ കണക്കിന് ഭൂമിയും കോടിക്കണക്കിന് രൂപയുടെ മരങ്ങളും നിയമവിരുദ്ധമായി കയ്യടക്കാൻ സർക്കാർ എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുത്തിരിക്കുന്നു. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യണം.

വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): 755 ഏക്കർ ഭൂമി ഹാരിസൺ മലയാളം ലിമിറ്റഡിൽ നിന്ന് ഏറ്റെടുത്ത ഗവൺമെന്റാണിത്. തൃശ്ശൂർ താലൂക്കിൽ ലീസിനെടുത്ത ഭൂമിയിൽ

പൈനാപ്പിളും വാഴയും കൃഷി ചെയ്തതിൽ നിന്ന് ലഭിച്ച തുക സർക്കാരിലേയ്ക്ക് അടയ്ക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. മരം മുറിക്കാനുള്ള വിധിക്കെതിരെ 2007 ആഗസ്റ്റ് മാസം 6-ാം തീയതി ഹൈക്കോടതിയിൽ റിട്ട് അപ്പീൽ കൊടുത്ത് സെപ്റ്റംബർ 29-ാം തീയതി കേസ് പോസ്റ്റ് ചെയ്തിരിക്കുകയാണ്. ആ കോടതി വിധി വരുന്നതുവരെ ഒരു മരം പോലും മുറിക്കാൻ പാടില്ലെന്ന് ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ട്. ഗവൺമെന്റ് വക്കീലൻമാർ കേസ് ഫലപ്രദമായി കൈകാര്യം ചെയ്യുന്നുണ്ട്. വൻകിട തോട്ടമുടമകളുടെ തെറ്റായ എല്ലാ നീക്കങ്ങളേയും ഗൗരവമായി കൈകാര്യം ചെയ്യുന്നതാണ്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാട് അങ്ങേയറ്റം സുതാര്യവും വ്യക്തവുമാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻ ചാണ്ടി, സി.എഫ്. തോമസ്, സി.ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷി നേതാക്കന്മാർ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടിയിൽപ്പെട്ട അംഗങ്ങളോ ടൊപ്പം സഭ വിട്ട് പുറത്തുപോവുകയും അല്പസമയത്തിനുശേഷം വീണ്ടും ഹാജരാവുകയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

**(1) <u>കാർഷികോൽപ്പന്ന വിപണി നിയന്ത്രണ നിയമം</u>**

<u>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ</u> : കേരളത്തിൽ കാർഷികോൽപ്പന്ന വിപണി നിയന്ത്രണ നിയമം നടപ്പിലാക്കുന്നതിന് അടിയന്തിര നടപടി സ്വീകരി

ക്കണം. ജമ്മു-കാശ്മീർ, മണിപ്പൂർ, കേരളം എന്നീ സംസ്ഥാനങ്ങളൊഴികെ ഇൻഡ്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളിലും കാർഷികോൽപ്പന്ന വിപണി നിയന്ത്രണ നിയമം നിലവിലുണ്ട്. സംസ്ഥാനത്ത് കാർഷികോൽപ്പന്നങ്ങളുടെ വിപണനവുമായി ബന്ധപ്പെട്ട് ഒരു നയമോ നിയമമോ രൂപീകരിക്കാൻ ഇതു വരെ സാധിക്കാത്തതിനാൽ കൃഷിക്കാർ വിവിധ തരത്തിലുള്ള ചൂഷണങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഉല്പാദനക്ഷമത വർദ്ധിക്കുന്നതിനനുസരിച്ച് ഉല്പാദകർക്ക് വിലയിൽ കാര്യമായ വർദ്ധനവ് ഉണ്ടാകുന്നില്ല. നിയമത്തിന്റെ അപര്യാപ്തതമൂലം വിപണി വില അനിയന്ത്രിതമായി ഉയർത്താനും പിടിച്ചു നിർത്താനും കഴിയുമെന്നുള്ളതുകൊണ്ടുതന്നെ ഉല്പന്നങ്ങളുടെ വിലയിൽ ജില്ലാടിസ്ഥാനത്തിൽ വലിയ അന്തരം ഉണ്ടാകുന്നു. ഉല്പാദന വിലയും ഉപഭോക്തൃ വിലയും തമ്മിലുള്ള അന്തരം കുറച്ചാൽ മാത്രമേ കർഷകന് പിടിച്ചുനിൽക്കാൻ കഴിയുകയുള്ളൂ. ഇടനിലക്കാരുടെയും വ്യാപാരികളു ടെയും അട്ടിമറികളിൽനിന്നും ചൂഷണത്തിൽനിന്നും കർഷകരെ രക്ഷിക്കുന്ന തിനും ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നതിനുംവേണ്ടിയാണ് കേന്ദ്ര സർക്കാർ കാർഷികോൽപ്പന്ന വിപണി നിയന്ത്രണ നിയമം നടപ്പിലാക്കിയത്. തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിൽ നടപ്പിലാക്കുന്ന കാർഷിക ചന്തയുടെ മാതൃകയിലുള്ള പദ്ധതികൾ പ്രഖ്യാപിച്ചുകൊണ്ട് കോൺട്രാക്ട് ഫാമിംഗ് സമ്പ്രദായം ഒഴിവാക്കി സംസ്ഥാനത്ത് സമഗ്രമായ കാർഷികോ ൽപ്പന്ന വിപണി നിയന്ത്രണ നിയമം നടപ്പിലാക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): കാർഷികോൽപ്പന്ന വ്യാപാര മേഖലയിൽ വിദേശ കുത്തകകളുടെ ചൂഷണവും ഇടത്തട്ടുകാരുടെ ഇടപെടലും ഒഴിവാക്കി കാർഷികോല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്ന തിന് സർക്കാർ നിയന്ത്രണം അനിവാര്യമാകയാൽ കാർഷികോൽപ്പന്ന

വിപണി നിയന്ത്രണ നിയമം കൊണ്ടുവരാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. കർഷകർക്ക് ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുക, വ്യാപാരികളുടെ ചൂഷണത്തിൽനിന്ന് ഉല്പാദകരെ മോചിപ്പിക്കുക, കാർഷികോൽപ്പന്ന വിപണന ശൃംഖല ഏർപ്പെടുത്തുക, കാർഷികോല്പന്ന കയറ്റുമതിക്ക് ഊന്നൽ നൽകുക എന്നീ കാര്യങ്ങൾ പരിഗണിച്ചുകൊണ്ട് നിയമത്തിന്റെ കരട് രേഖ തയ്യാറാക്കുന്നതിന് നിയമോപദേശം ആരാഞ്ഞുവരുന്നു. കരട് രേഖയിൽ ഓരോ മാർക്കറ്റിന്റെയും പ്രശ്നങ്ങളെ സംബന്ധിച്ച് മനസ്സിലാക്കു ന്നതിന് വ്യാപാരികൾ, സർക്കാർ ഉദ്യോഗസ്ഥർ തുടങ്ങിയവരുടെ പങ്കാളി ത്തത്തോടെ മാർക്കറ്റ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശവുമുണ്ട്. മാർക്കറ്റ് കമ്മിറ്റികളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് സംസ്ഥാന തല ത്തിൽ മാർക്കറ്റ് ബോർഡ് രൂപീകരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. ഈ മേഖല മാർക്കറ്റ് കമ്മിറ്റികളുടെ നിയന്ത്രണത്തിലാകുന്നതോടുകൂടി കൃഷി ക്കാരെ ചൂഷണത്തിൽനിന്നും ഒഴിവാക്കി മാർക്കറ്റ് വിലയിൽ ഏകോപനം ഉണ്ടാക്കാൻ സാധിക്കും. ഇക്കാര്യങ്ങളെല്ലാം പരിഗണിച്ചുകൊണ്ട് പ്രസ്തുത നിയമം ഏറെ വൈകാതെതന്നെ സംസ്ഥാനത്ത് നടപ്പിലാക്കുന്നതാണ്.

**2) <u>കൊച്ചി നഗരത്തിലെ പ്രശ്നങ്ങൾ</u>**

<u>ശ്രീ. കെ. ബാബു:</u> കൊച്ചി നഗരത്തിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ അടിയന്തിര നടപടി സ്വീകരിക്കണം. കഴിഞ്ഞ രണ്ട് ബഡ്ജറ്റുകളിലും ചൂണ്ടിക്കാണിച്ച വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. ഗതാഗതക്കുരുക്ക് പരിഹരിക്കാൻ ഒരു ദേശീയ ഏജൻസിയെക്കൊണ്ട് മൾട്ടി മോഡ് സ്ട്രാറ്റജിക് ഓപ്ഷൻ പഠനം നടത്തുമെന്ന് പറഞ്ഞെങ്കിലും ഇതേവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടി ല്ല. കൊച്ചി നഗരത്തിൽ 121 എം.എൽ.ഡി. വെള്ളവും വിശാലകൊച്ചിയിൽ

225 എം.എൽ.ഡി. വെള്ളവും ഇന്ന് ആവശ്യമാണെങ്കിൽ 2011 ആകുമ്പോഴേയ്ക്കും അത് 380 എം.എൽ.ഡി. ആയി ഉയരും. ഇപ്പോൾ 125 എം.എൽ.ഡി. വെള്ളം മാത്രമാണ് വിശാല കൊച്ചിയിൽ സപ്ലൈ ചെയ്യുന്നത്. ഹഡ്കോ പദ്ധതി യാഥാർത്ഥ്യമായാൽപ്പോലും കൊച്ചിയിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമാകില്ല. ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷനിൽ ഉൾപ്പെട്ട 100 എം.എൽ.ഡി. വാട്ടർ സപ്ലൈ സ്ക്കീമിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് ഡിപ്പാർട്ടുമെന്റുകൾ തമ്മിലുള്ള തർക്കം കാരണം കേന്ദ്രത്തിന് സമർപ്പിച്ചിട്ടില്ല. അതുപോലെ 78 കോടി രൂപയ്ക്കുള്ള സ്വിവറേജ് പദ്ധതിക്കുള്ള പ്രോജക്ട് റിപ്പോർട്ടും കേന്ദ്രത്തിനയച്ചിട്ടില്ല. സ്വിവറേജ് പദ്ധതിക്ക് 600 കിലോമീറ്റർ പൈപ്പ്ലൈൻ ആവശ്യമുള്ളിടത്ത് 12 കിലോമീറ്റർ പൈപ്പ്ലൈൻ ഇട്ട് ഒരു ചെറിയ ഏരിയ മാത്രമേ കവർ ചെയ്തിട്ടുള്ളൂ ട്രാഫിക്ക് സ്റ്റാറ്റിസ്റ്റിക്സ് അനുസരിച്ച് നഗരത്തിൽ 8 നിര റോഡുകളാണാവശ്യം. ഇടപ്പള്ളി, പാലാരിവട്ടം ബൈപാസ് ജംഗ്ഷൻ, കുണ്ടന്നൂർ, വൈറ്റില എന്നിവിടങ്ങളിൽ അടിയന്തിരമായി ഫ്ളൈ ഓവറുകൾ നിർമ്മിക്കണം. കൊച്ചി മെട്രോ നിർമ്മാണപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണം. ഇടപ്പള്ളി റെയിൽവേ ഓവർ ബ്രിഡ്ജ് എൻ.എച്ച്. പണിയും. വൈറ്റിലയിലും അരൂരിലും 4 നിര റോഡ് പണിയും തൃപ്പൂണിത്തുറ ബൈപ്പാസ് ഹൈവേ പണിയും എങ്ങുമെത്തിയിട്ടില്ല. വെണ്ടുരുത്തിപ്പാലത്തിന്റെ നിർമ്മാണം സ്തംഭനാവസ്ഥയിലാണ്. കാക്കനാട്ടേയ്ക്കുള്ള യാത്ര ദുരിതപൂർണ്ണമാണ്. തൃക്കാക്കരയ്ക്കും കാക്കനാട്ടേയ്ക്കും കൊച്ചിയിൽ നിന്ന് സമാന്തര റോഡ് ആവശ്യമാണ്. വൈറ്റിലയിൽ ഒരു ബസ്സ് ടെർമിനൽ സ്ഥാപിക്കണം. കൊച്ചി നഗരത്തിലെ മാലിന്യ സംസ്ക്കരണം ഒരു വലിയ പ്രശ്നമാണ്.

കൊച്ചി നഗരത്തിലെ അടിസ്ഥാനസൗകര്യങ്ങൾ വിപുലീകരിക്കുന്നതിനുള്ള ഈ പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): കൊച്ചി നഗരത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാനായി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. റോഡ് ഗതാഗത മേഖലയുടെ വികസനത്തിനായി തയ്യാറാക്കിക്കൊണ്ടിരിക്കുന്ന ട്രാഫിക് ആന്റ് ട്രാൻസ്പോർട്ടേഷൻ പ്ളാൻ നടപ്പിലാക്കുന്നതിന് ജെ.എൻ. എൻ. യു. ആർ. എം. പദ്ധതിവഴി സഹായം ലഭ്യമാക്കുന്നതാണ്. കൊച്ചി മെട്രോ നിർമ്മാണത്തിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് ഡൽഹി മെട്രോ കോർപ്പറേഷനുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്നതാണ്. ഇത് നഗര വികസന പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ബൃഹത്തായ നഗര വികസന പദ്ധതി പ്രകാരം കേന്ദ്രസർക്കാരിന് സമർപ്പിച്ച പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ കൊച്ചി നഗരത്തിലെ ജല വൈദ്യുത പദ്ധതിക്കായി 503 ലക്ഷം രൂപയും ഖരമാലിന്യ സംസ്ക്കരണത്തിന് 1101 ലക്ഷം രൂപയും സ്വിവറേജ് പദ്ധതിക്ക് 935 ലക്ഷം രൂപയും ഡ്രെയിനേജ് പദ്ധതിക്ക് 122 ലക്ഷം രൂപയും കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ രണ്ടാം ഘട്ടം 2007-ൽ കേന്ദ്ര സർക്കാരിന് സമർപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കേരള സുസ്ഥിര നഗര വികസന പദ്ധതിയുടെ ഭാഗമായി സ്വിവറേജ് ആന്റ് സാനിറ്റേഷൻ ഡ്രെയിനേജ്, ഖരമാലിന്യ സംസ്ക്കരണം, റോഡ് വികസനം, കുടിവെള്ള പദ്ധതികൾ എന്നിവയ്ക്കായി 185 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നഗരത്തിലെ 19 റോഡുകളുടെ വികസനത്തിനും പ്രധാനപ്പെട്ട ഫ്ളൈ ഓവറുകളുടെ നിർമ്മാണത്തിനുമായി വിശദമായ പദ്ധതി റിപ്പോർട്ട് കേരള റോഡ് ഫണ്ട് ബോർഡ് തയ്യാറാക്കിയിട്ടുണ്ട്. ഇത് 2007 ഡിസംബറിനുമുമ്പ് കേന്ദ്രത്തിന് സമർപ്പിക്കുന്നതാണ്. തമ്മനം- പുല്ലേപ്പടി റോഡ്, സീപോർട്ട്-

എയർപോർട്ട് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് 5 പ്രൊപ്പോസലുകൾ പൂർത്തിയാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാരും കൊച്ചിൻ പോർട്ട് ട്രസ്റ്റും നാവിക കമാന്റും സംയുക്ത ധാരണയിൽ തയ്യാറാക്കിയ 37.50 കോടി രൂപ മതിപ്പുചെലവ് പ്രതീക്ഷിക്കുന്ന വെണ്ടുരുത്തി പാലത്തിന്റെ 85 ശതമാനം പൈലിംഗ് പണി പൂർത്തിയായി. സംസ്ഥാന സർക്കാർ 926 ലക്ഷം രൂപ കരാറുകാരന് നൽകിയെങ്കിലും ബാക്കി 630 ലക്ഷം രൂപ നൽകാനുള്ളതുകൊണ്ട് നിർത്തിവച്ചിരിക്കുകയായിരുന്ന പണി പുനരാരംഭിക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. മാലിന്യ നിർമ്മാർജ്ജന പ്രശ്ന പരിഹാരത്തിനായി ശാസ്ത്രീയവും സമയബന്ധിതവുമായ പ്രവർത്തന പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ട്. നഗരസഭ വികേന്ദ്രീകരണ ഖരമാലിന്യ സംസ്ക്കരണത്തിനു മാത്രമായി ഒരു പ്രോജക്ടിന് രൂപം നൽകിയിട്ടുണ്ട്. ഖരമാലിന്യ സംസ്ക്കരണത്തിന്റെ ഭാഗമായി ബ്രഹ്മപുരം പ്ളാന്റ് സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ)</u> : കൊച്ചി നഗരത്തിലെ കുടിവെള്ള പ്രശ്നവുമായി ബന്ധപ്പെട്ട രണ്ട് പദ്ധതികളുടെയും നിർവ്വഹണ ഏജൻസി സംബന്ധിച്ച് ധാരണയുണ്ടാകാൻ കാലതാമസമുണ്ടായിരുന്നു. തദ്ദേശ സ്വയംഭരണ വകുപ്പും തദ്ദേശഭരണ സ്ഥാപനങ്ങളും കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് അതിന്റെ നിർവ്വഹണ ജോലി കേരള വാട്ടർ അതോറിറ്റിയെ ഏൽപ്പിക്കാനുള്ള ധാരണാപത്രം പൂർത്തിയായിട്ടുണ്ട്. ഈ ആഴ്ചയിൽത്തന്നെ നിർവ്വഹണ

പ്രക്രിയ ആരംഭിക്കുന്നതാണ്. 5.10.2007-ന് ബഹുമാനപ്പെട്ട മഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്ന 90 ദശലക്ഷം ലിറ്റർ ജലം അധികമായി ലഭിക്കുന്ന ഹഡ്കോ കുടിവെള്ള പദ്ധതിയിലൂടെ ഈ പ്രശ്നത്തിന് താൽക്കാലിക പരിഹാരമുണ്ടാകും. 100 എം.എൽ.ഡി. ശുദ്ധജലം ലഭിക്കാൻ പര്യാപ്തമായിട്ടുള്ള സ്കീമാണ് ജെ.എൻ.എൻ.യു.ആർ.എം. കൊച്ചിയിൽ വിഭാവനം ചെയ്യുന്നത്.

## സബ്മിഷൻ

### (1) പ്രാദേശിക കേബിൾ ടി.വി. വിഭാഗം

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: കേരളത്തിൽ പ്രാദേശിക കേബിൾ ടി.വി. ഓപ്പറേറ്റർമാരായി മൂവായിരത്തിൽപ്പരം ആളുകളുണ്ട്. മൂന്ന് തട്ടുകളിലായാണ് ചാനൽ ഓപ്പറേഷൻ ഇവിടെ നടക്കുന്നത്. കേബിൾ ടി.വി. ഓപ്പറേറ്റേഴ്സ് കേരളത്തിന് വെളിയിൽ പ്രതിമാസം 450 രൂപ വാങ്ങുമ്പോൾ ഇവിടെ 100 മുതൽ 150 രൂപ വരെയാണ് കേബിൾ ഉപഭോക്താവിൽനിന്നും പ്രാദേശിക കേബിൾ ടി.വി. ഓപ്പറേറ്റർമാർ വാങ്ങുന്നത്. ഈ സന്ദർഭത്തിൽ കണ്ടീഷണൽ ആക്സസ് സിസ്റ്റം (സി.എ.എസ്.) കേരളത്തിൽ നിലവിൽ വന്നാൽ ഗുണഭോക്താവിന് കിട്ടിക്കൊണ്ടിരിക്കുന്ന ഈ ചാനലുകൾ പിന്നീട് കിട്ടണമെങ്കിൽ വളരെയേറെ പണം ചെലവഴിക്കേണ്ടിവരുമെന്ന് മാത്രമല്ല ചെറുകിട പ്രാദേശിക ചാനലുകൾ തകരുകയും ചെയ്യും. കേരളത്തിൽ നിലവിലുള്ള ഘടന അട്ടിമറിക്കാൻ പേ ചാനലുകൾ പ്രാദേശിക ചാനലുകൾക്ക് മുകളിൽ നീതിരഹിതമായ സമ്മർദ്ദതന്ത്രം വർദ്ധിച്ച തോതിൽ പ്രയോഗിച്ചുകൊണ്ടിരിക്കുകയാണ്. ഇ.എസ്.പി.എൻ., സ്റ്റാർ മൂവീസ്,

സോണി, എച്ച്.ബി.ഒ., കാർട്ടൂൺ എന്നീ പേ ചാനലുകൾ പലതായി വിഭജിച്ച് ജനങ്ങൾ ഏറെ കാണുന്ന ചാനലിനോടൊപ്പം ആരും ശ്രദ്ധിക്കാത്ത ചാനലുകൾ മിക്സ്ചെയ്ത് കൃത്രിമ പാക്കേജ് സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. ഇതിനുശേഷം വേണ്ടതും വേണ്ടാത്തതുമായ ചാനലുകൾക്ക് അന്യായമായി വില കൂട്ടുന്നു. ഇത്തരത്തിൽ ചൂഷണം ചെയ്യുന്ന പേ ചാനലുകളെ നിലയ്ക്കുനിർത്താൻ വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സംസ്ഥാനത്തെ കേബിൾ ടി.വി. ഉപഭോക്താക്കളുടേയും ഈ മേഖലയിൽ പ്രവർത്തിക്കുന്ന പ്രാദേശിക കേബിൾ ടി.വി. ശൃംഖലകളുടേയും താൽപ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടുള്ള ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും സംസ്ഥാനത്ത് നടപ്പിലാക്കുക എന്നതാണ് ഈ സർക്കാരിന്റെ നിലപാട്. ദൃശ്യ-മാധ്യമ രംഗത്തെ വൻകിടക്കാരുടെ ഇടപെടൽ കാരണം പ്രാദേശിക കേബിൾ ശൃംഖലയ്ക്കും കേബിൾ ടി.വി. ഉപഭോക്താക്കൾക്കും ദോഷം ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കും. ചെറുകിട ഇടത്തരം കേബിൾ ടി.വി. സംരംഭകരുടെ പ്രശ്നങ്ങൾ പരിഗണിക്കുന്നതിനാവശ്യമായ ചർച്ചയും തുടർ നടപടികളും സ്വീകരിക്കാൻ സർക്കാർ പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതാണ്.

## (2) പ്രവാസി സർവ്വകലാശാല

ശ്രീ. എം. മുരളി: കേന്ദ്രസർക്കാർ സ്ഥാപിക്കാൻ പോകുന്ന പുതിയ പ്രവാസി സർവ്വകലാശാല കേരളത്തിൽ സ്ഥാപിച്ചാൽ ലോകത്തിന്റെ മുക്കിലും മൂലയിലുമുള്ള മലയാളികളായ പ്രവാസികളുടെ മക്കൾക്ക് സർവ്വ കലാശാല വിദ്യാഭ്യാസത്തിനും ഉന്നത വിദ്യാഭ്യാസ പഠനത്തിനും ഇത് ഏറ്റവും വലിയ ആശ്രയമാകും. പ്രവാസി സർവ്വകലാശാല സ്ഥാപിക്കുമെന്ന്

കേന്ദ്രസർക്കാർ പ്രഖ്യാപനം നടത്തി എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ചോദിച്ചിട്ടും കേരളസർക്കാരോ നോർക്കയോ ഇതുവരെ പ്രതികരിച്ചിട്ടില്ല. എന്നാൽ കേരളത്തിലെ തന്നെ 4 സ്വകാര്യ സ്ഥാപനങ്ങൾ അപേക്ഷ സമർപ്പിച്ചിരിക്കുകയാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടിയന്തിരമായി ഇടപെട്ട് കേന്ദ്രഗവൺമെന്റിന്റെ മുമ്പിൽ വിഷയമുന്നയിച്ച് കേരളത്തിൽ ഈ പ്രവാസി സർവ്വകലാശാല തുടങ്ങാൻ വേണ്ട നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): പ്രവാസി സർവ്വകലാശാല സ്ഥാപിക്കുന്നത് സംബന്ധിച്ച് കേന്ദ്രത്തിൽനിന്നും ഔദ്യോഗികമായി ഒരു അറിയിപ്പും ലഭിച്ചിട്ടില്ല. പ്രവാസി സർവ്വകലാശാല കേരളത്തിൽ സ്ഥാപിക്കാൻ കേന്ദ്രസർക്കാർ തയ്യാറായാൽ അതിനാവശ്യമായ ഭൂമിയും മറ്റു സൗകര്യങ്ങളും ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ സന്നദ്ധമാണ്. ഇക്കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും പ്രവാസി സർവ്വകലാശാല സ്ഥാപിക്കുന്നത് കേരളത്തിലായിരിക്കണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കാൻ നടപടി സ്വീകരിക്കും.

**(3) കെ.എസ്.ടി.പി. പദ്ധതിയിൽപ്പെടുത്തി ജലപാതകളുടെ വികസനം**

ശ്രീ. തോമസ് ചാഴികാടൻ: കെ.എസ്.ടി.പി. പദ്ധതിയിൽ ഉൾപെടുത്തി ലോകബാങ്ക് സഹായത്തോടുകൂടി കോട്ടയം-വൈക്കം, കോട്ടയം-ആലപ്പുഴ, ആലപ്പുഴ-ചങ്ങനാശ്ശേരി എന്നീ ജലപാതകൾ വികസിപ്പിക്കുന്നതിനും ദേശീയ ജലപാതയുമായി ബന്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് ആരംഭിച്ച 61 കോടി രൂപയുടെ പദ്ധതി പൂർത്തിയാകാത്തതുമൂലം ജനങ്ങൾ ഗുരുതരമായ യാത്രാക്ലേശം അനുഭവിക്കുകയാണ്. ഈ പദ്ധതി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ഇവിടെ ഉന്നയിക്കപ്പെട്ട ജലപാതകളുടെ വികസനത്തിനായി ഒരു പദ്ധതി രൂപകൽപ്പന ചെയ്ത് 18-8 -2003-ൽ കൊച്ചിയിലുള്ള ഭഗീരഥൻ കമ്പനിക്ക് കരാർ ഉറപ്പിച്ചു നൽകിയെങ്കിലും പുരോഗതി ഇല്ലാത്തതുമൂലം പ്രസ്തുത കരാർ സർക്കാർ റദ്ദ് ചെയ്യുകയും ഡിപ്പാർട്ടുമെന്റ് എക്സിക്യൂഷൻവഴി നടത്താൻ തീരുമാനിക്കുകയും കോട്ടയത്തെ ജലഗതാഗത വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തതനുസരിച്ച് തിരുവാറ്റ പാലത്തിന്റെ സ്ലാബിന്റെ പണി ഉൾപ്പെടെ. 2 പാലങ്ങളുടെ പണി പൂർത്തിയായെങ്കിലും അപ്രോച്ച് റോഡിന്റെ പണിപൂർത്തിയാകാത്തതിനാൽ ഗതാഗതത്തിന് തുറന്നു കൊടുക്കാൻ കഴിയാതെ വന്നു. ബാക്കി പണികൾ പൂർത്തിയാക്കാൻ ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കി ലോകബാങ്കിന് സമർപ്പിച്ചിരിക്കുകയാണ്. പണി പൂർത്തിയാക്കാനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരികയാണ്.

## (4) ആനപ്പന്തം പട്ടികവർഗ്ഗ കോളനിക്കാർക്ക് ഭൂമിയും വീടും

പ്രൊഫ. സി. രവീന്ദ്രനാഥ്: തൃശൂർ ജില്ലയിലെ ആനപ്പന്തം പട്ടികവർഗ്ഗ കോളനിയിൽ 60 കുടുംബങ്ങളിലായി ഏതാണ്ട് 300 പേർ താമസിച്ചിരുന്നു. 2 വർഷംമുമ്പ് ഉരുൾപൊട്ടലും മണ്ണിടിച്ചിലും മൂലം ആദിവാസികളുടെ വീടുകൾ തകരുകയും 2 ആദിവാസികൾ മരിക്കുകയും ചെയ്തു. അപകടം ഒഴിവാക്കാൻ ഈ കോളനിയിൽനിന്ന് എല്ലാ കുടുംബങ്ങളേയും ഇപ്പോൾ താൽക്കാലിക ഷെഡ്ഡുകളിൽ താമസിപ്പിച്ചിരിക്കുകയാണ്. ഇവർക്ക് ശാസ്താംഭുവം എന്ന സ്ഥലത്ത് ഭൂമിയും പുരയിടവും നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): 14-7-2005-ൽ ആനപ്പന്തം പട്ടികവർഗ്ഗ കോളനിയിൽ ഉണ്ടായ ഉരുൾപൊട്ടലിനെത്തുടർന്ന് അവിടെ ഉണ്ടായിരുന്ന എല്ലാ കുടുംബങ്ങളേയും താൽക്കാലികമായി മാറ്റിപ്പാർപ്പിച്ചു. താൽക്കാലിക ഷെഡ്ഡുകളുടെ ഷീറ്റ് മാറ്റു ന്നതിന് ഈ വർഷം 1000 രൂപ വീതം ഓരോ കുടുംബത്തിനും നൽകുന്ന തിനും ഉരുൾപൊട്ടലിൽ മരണമടഞ്ഞവരുടെ കുടുംബത്തിന് 75,000 രൂപ നൽകുന്നതിനും തുക അനുവദിച്ചിട്ടുണ്ട്. വനവുമായി ബന്ധപ്പെട്ട് ജീവിതം നയിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ ലഭിക്കുന്നതിന് സാദ്ധ്യതയുള്ള ശാസ്താംഭുവം വനമേഖലയിൽ ഭൂമി അനുവദിക്കുന്നതിനുള്ള സാദ്ധ്യത സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

### (5) ശ്രീകലയുടേയും മകന്റേയും ആത്മഹത്യ

**ശ്രീ. ജി. കാർത്തികേയൻ:** ആര്യനാട് നിയോജകമണ്ഡലത്തിലെ വിതുരയിൽ വിധവയായ ശ്രീകല, മകൻ വരുൺ എന്നിവർ ആത്മഹത്യ ചെയ്തതിനെത്തുടർന്ന് ശ്രീകലയുടെ 8 വയസ്സുള്ള മകൾ വൃദ്ധയായ മാതാ വിന്റെ സംരക്ഷണയിലാണ്. സമ്പത്തിന്റേയും ആൾബലത്തിന്റേയും കുറവു മൂലം സമൂഹം ഒറ്റപ്പെടുത്തിയ ഈ കുടുംബം മാനസികമായി ക്ലേശമനുഭവി ച്ചിരുന്നു. പ്രാദേശികതലത്തിലുള്ള ഇടപെടലുകൾ അനുവദിക്കാതെ ഈ സംഭവത്തെക്കുറിച്ച് നിഷ്പക്ഷമായി അന്വേഷിക്കുകയും മരിച്ച ശ്രീകലയുടെ മകളുടെ പഠനത്തിനാവശ്യമായ സാമ്പത്തിക സഹായം നൽകുകയും ചെയ്യണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): തിരുവനന്തപുരം ജില്ലയിലെ വിതുര പോലീസ് സ്റ്റേഷൻ

അതിർത്തിയിൽപ്പെട്ട കൊപ്പം വിദ്യാഭവനിൽ ശ്രീകല, മകൻ വരുൺ എന്നിവർ 10-9-2007-ന് ഉച്ചയ്ക്കുശേഷം ഒരു മണിക്കും 4 മണിക്കുമിടയ്ക്ക് വീടിനുള്ളിൽ തൂങ്ങിമരിച്ചതായി കാണപ്പെട്ടതു സംബന്ധിച്ച് വിതുര പോലീസ് സ്റ്റേഷനിൽ ഒരു കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരികയാണ്. ഉന്നത ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ഈ കേസ്സ് അന്വേഷിക്കുന്നതാണ്. ശ്രീകലയുടെ മകൾ ദിവ്യയുടെ ഭാവി പഠനത്തിനാവശ്യമായ ധനസഹായം നൽകുന്നതിന് ഗവൺമെന്റ് തലത്തിൽ തീരുമാനമെടുക്കുന്നതാണ്.

### (6) <u>മറിയത്തിന്റേയും സി.ഐ. ജോസിന്റേയും മരണം</u>

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u>: ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ പൊറത്തിശ്ശേരി ആലപ്പാടൻ ലോനപ്പന്റെ ഭാര്യ മറിയം 2007 ആഗസ്റ്റ് മാസം 31-ന് പുലർച്ചെ തലയ്ക്കടിയേറ്റ് കൊലചെയ്യപ്പെടുകയും ആഭരണങ്ങൾ കവർച്ച ചെയ്യപ്പെടുകയും ചെയ്തു. ഈ കേസ്സ് അന്വേഷിക്കുന്നതിനായി പുറപ്പെട്ട സി.ഐ. കെ.എൽ. ജോസ് വാഹനാപകടത്തിൽ കൊല്ലപ്പെടുകയുണ്ടായി. സ്വകാര്യ സ്കൂൾ അദ്ധ്യാപികയായ ഭാര്യയും എൽ.കെ.ജി. വിദ്യാർത്ഥിയായ ഒരു കുട്ടിയുമാണ് മരിച്ച ജോസിനുള്ളത്. മറിയത്തിന്റെ കൊലപാതകികളെ കണ്ടെത്തുന്നതോടൊപ്പം ജോസിന്റെ കുടുംബത്തിന് അടിയന്തിരമായി സാമ്പത്തിക സഹായം നൽകുന്നതിനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>): ഇരിങ്ങാലക്കുട പൊറത്തിശ്ശേരി മറിയത്തിന്റെ വീട്ടിൽ കടന്നുകയറിയ അക്രമികൾ അവരെ കൊലപ്പെടുത്തി ആഭരണങ്ങൾ കവർച്ച ചെയ്തു. മകന്റെ പരാതിയെത്തുടർന്ന് ഇതു സംബന്ധിച്ച് കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. കേസ്സന്വേഷണത്തിന് സയന്റി

ഫിക് എക്സ്പേർട്ട്സ്, ഡോഗ് സ്ക്വാഡ്, ഫിംഗർ പ്രിന്റ് എന്നീ വിഭാഗങ്ങളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ സംഘം രൂപീകരിച്ച് അന്വേഷണം ഊർജ്ജിതമായി നടത്തിവരികയാണ്. പ്രതികളെ എത്രയും വേഗം കണ്ടുപിടിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ കേസ്സ് അന്വേഷണത്തിനായി നിയോഗിക്കപ്പെട്ട സി.ഐ. കെ. എൽ. ജോസിന്റെ അപകടമരണം ദു:ഖകരമാണ്. ജോസിന്റെ കുടുംബത്തിനുവേണ്ട ധനസഹായം നൽകുന്ന കാര്യം സർക്കാർ തീരുമാനിക്കുന്നതാണ്.

### (7) <u>പന്നിയാർ പവർഹൗസിലേയ്ക്കുള്ള പെൻസ്റ്റോക്ക് പൈപ്പ് പൊട്ടിയതു മൂലമുള്ള നാശനഷ്ടങ്ങൾ</u>

<u>ശ്രീ. റോഷി അഗസ്റ്റിൻ:</u> ഇടുക്കി നിയോജകമണ്ഡലത്തിലെ പൊന്മുടി അണക്കെട്ടിൽനിന്ന് വെള്ളത്തൂവൽ പവർഹൗസിലേയ്ക്ക് വെള്ളം കൊണ്ടുവരുന്ന പെൻസ്റ്റോക്ക് പൈപ്പ് പൊട്ടി വെള്ളം കുത്തിയൊഴുകി ഉണ്ടായ അപകടത്തിൽ 4 പേർ മരിക്കുകയും 4 പേരെ കാണാതായതുമായ സാഹചര്യം നിലനിൽക്കുകയാണ്. 6 അടിയോളം വ്യാസമുള്ള പെൻസ്റ്റോക്ക് പൈപ്പാണ് പൊട്ടിയത്. പൈപ്പുകൾ അപകടത്തിലാണെന്ന് ആക്ഷേപമുണ്ടായിരുന്നു. പൈപ്പുകൾക്ക് വർഷംതോറും നടത്തേണ്ട മെയിന്റനൻസ് കൃത്യമായി നടന്നിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. വെള്ളത്തിന്റെ ഒഴുക്കിൽപ്പെട്ട് 15-ഓളം വീടുകൾ പൂർണ്ണമായി നശിക്കുകയും 250 ഏക്കർ കൃഷിഭൂമി ഒലിച്ചുപോവുകയും ചെയതിട്ടുണ്ട്. വെള്ളത്തൂവലിൽനിന്നും കൊന്നത്തടിയിലേയ്ക്കുള്ള റോഡിന്റെ മേൽഭാഗത്താണ് അപകടമുണ്ടായത്. കാക്കാസിറ്റി-വെള്ളത്തൂവൽറോഡ് പൂർണ്ണമായും തകർന്നുപോയി. വെള്ളത്തൂവൽ വിമലാസിറ്റി ഭാഗത്ത് ഏകദേശം 2000 അടി ഉയരത്തിൽ സർജിക്കുന്നിലാണ് വാൽവ് ഹൗസ് നിലവിലുള്ളത്. അത്രയും ഉയരത്തിൽനിന്നും വന്ന വെള്ളം

മണിക്കൂറുകൾ ഒഴുകിയതിന്റെ ഫലമായി കരകൾ രണ്ടായി വിഭജിച്ച് പോവുകയും ഏറെ നാശനഷ്ടങ്ങൾ ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. അപകടത്തിൽ മരിച്ചവർക്കും വീട് നഷ്ടപ്പെട്ടവർക്കും അടിയന്തിര നഷ്ടപരിഹാരം കൊടുക്കണം. ഇടുക്കി ജില്ലയിലെ വിവിധ ഡാമുകളുടേയും ജലസേചന പദ്ധതികളുടേയും പൈപ്പ് ലൈനുകൾ സമയബന്ധിതമായി മെയിന്റനൻസും മോണിറ്ററിംഗും നടത്തി അപകടമൊഴിവാക്കാനുള്ള നടപടി സ്വീകരിക്കണം. ഇടുക്കി അണക്കെട്ടിലെ വെള്ളം കൂടിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അപകടമൊഴിവാക്കുന്നതിന് മുൻകരുതലുകൾ സ്വീകരിക്കണം. കഴിഞ്ഞ വർഷം കാലവർഷക്കെടുതിയിൽ ദുരന്തമുണ്ടാവുകയും വീട് നഷ്ടപ്പെടുകയും ചെയ്തവർക്കുള്ള നഷ്ടപരിഹാരം കൊടുക്കണം.

(ശ്രീ. മോൻസ് ജോസഫും ഈ വിഷയം സംബന്ധിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്).

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): 17.9.2007-ന് വൈകിട്ട് 4.45-ന് പൊന്മുടി ഡാമിൽ നിന്ന് പന്നിയാർ പവർ ഹൗസിലേയ്ക്ക് ജലമെത്തിക്കുന്ന പൈപ്പ് ലൈൻ തകർന്ന് നാല് പേർ മരിക്കുകയും 4 പേരെ കാണാതാവുകയും ചെയ്തു. മരണപ്പെട്ട നാല് പേരേയും തിരിച്ചറിഞ്ഞിട്ടുണ്ട്. സംഭവസ്ഥലത്ത് കെ.എസ്.ഇ.ബി., റവന്യൂ, ഫയർ ഫോഴ്സ്, പോലീസ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും നാട്ടുകാരുമെല്ലാം ചേർന്ന് രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നുണ്ട്. മരണപ്പെട്ടവരുടെ മൃതദേഹങ്ങൾ അനന്തര നടപടികൾക്കായി അടിമാലി ഗവൺമെന്റ് താലൂക്ക് ആശുപ്രതിയിൽ സൂക്ഷിച്ചിരിക്കുന്നു. നേവി, കോസ്റ്റ് ഗാർഡ് എന്നിവരുടെ സഹായം ഇന്നലെത്തന്നെ ലഭ്യമായിട്ടുണ്ട്. നിരവധി വീടുകൾക്ക് കേടുപാട് സംഭവിക്കുകയും, ചില വീടുകൾ പൂർണ്ണമായി തകരുകയും

ചെയ്തതുൾപ്പെടെ വമ്പിച്ച നാശനഷ്ടമാണ് ആ പ്രദേശത്തുണ്ടായത്. ജീവൻ പോലും പണയം വച്ച് രക്ഷാപ്രവർത്തനങ്ങൾക്കും പൈപ്പ് ലൈൻ ശരിയാക്കുന്നതിനുമുള്ള നടപടികളിലേയ്ക്ക് പോയ 4 പേരുടെ ജീവൻ നഷ്ടപ്പെട്ടത് ദു:ഖകരമാണ്. ആ പ്രദേശങ്ങളിലുള്ളവരെ വിവിധ ക്യാമ്പുക ളിലേയ്ക്ക് മാറ്റി പാർപ്പിക്കുകയും ഭക്ഷണവും മറ്റു സഹായങ്ങളും കൊടു ക്കുകയും ചെയ്യുന്നുണ്ട്. ഈ പ്രശ്നം നാളത്തെ മന്ത്രിസഭാ യോഗത്തിൽ ചർച്ച ചെയ്ത് പരമാവധി സഹായം നൽകുന്നതാണ്.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): ഇടുക്കി ജില്ലയിലെ പൊന്മുടി ഡാമിൽനിന്ന് പന്നിയാർ പവർ ഹൗസിലേയ്ക്കുള്ള പെൻസ്റ്റോക്ക് പൈപ്പ് പൊട്ടിയാണ് അപകടമുണ്ടായത്. പെൻസ്റ്റോക്കിൽ ലീക്കുണ്ടായതിനെത്തുടർന്ന് ബട്ടർ ഫ്ളൈ വാൽവ് അട യ്ക്കാൻ രണ്ട് ടീമുകളിലായി പോയ 8 കെ.എസ്.ഇ.ബി. ജീവനക്കാരാണ് അപകടത്തിൽപ്പെട്ടത്. അതിൽ നാല് പേരുടെ മൃതദേഹം കിട്ടിയിട്ടുണ്ട്. മറ്റ് നാല് പേരെ കാണാതായി. അതിരൂക്ഷമായ കാലവർഷം ഭൂമിയിലുണ്ടാക്കിയ വ്യതിയാനമാണ് പെൻസ്റ്റോക്കിന്റെ ലീക്കിന് കാരണമായത്. ഇതുസംബ ന്ധിച്ച് സാങ്കേതിക വിദഗ്ദ്ധരെക്കൊണ്ട് അന്വേഷണം നടത്താൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. സ്വന്തം ജീവൻപോലും പണയപ്പെടുത്തി രാജ്യത്തെ രക്ഷി ക്കുക എന്നതിന്റെ ഉദാഹരണമാണ് ഈ സംഭവത്തിൽ ദൃശ്യമാകുന്നത്. വീട് നഷ്ടപ്പെട്ടവർക്കും കൃഷിനാശം സംഭവിച്ചവർക്കും നാശനഷ്ടത്തിന്റെ കണ ക്കനുസരിച്ച് ആവശ്യമായ സഹായം നൽകുന്നതിനുള്ള നടപടി സ്വീകരി ക്കും. ജീവൻ നഷ്ടപ്പെട്ട ജീവനക്കാരുടെ കുടുംബത്തെ പരിപൂർണ്ണമായി ഗവണ്മെന്റ് സംരക്ഷിക്കും. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ സംഭവ സ്ഥലത്ത് ക്യാമ്പ് ചെയ്ത് രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരു

ന്നു. തങ്ങളുടെ ജീവൻ നഷ്ടപ്പെടുമെന്നറിഞ്ഞിട്ടുകൂടി ബട്ടർഫ്ളൈ വാൽവ് അടയ്ക്കാൻ രംഗത്തുവന്ന ജീവനക്കാരുടെ ധൈര്യവും ആത്മാർത്ഥതയും കണക്കിലെടുത്ത് അവരോടുള്ള ആദരവ് പ്രകടിപ്പിക്കുന്നു

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): അത്യന്തം നിർഭാഗ്യകരമായ സംഭവമാണിത്. സ്ഥാപനത്തിന്റെ സുരക്ഷിതത്വത്തിനും കൂടുതൽ അപകടങ്ങൾ ഒഴിവാക്കുന്നതിനുംവേണ്ടി സ്വന്തം ജീവൻ പണയപ്പെടുത്തിയ ഇലക്ട്രിസിറ്റി ബോർഡ് ജീവനക്കാരുടെ ധീരമായ നിലപാടിനെ എത്ര അനുമോദിച്ചാലും മതിയാവുകയില്ല. അവരുടെ കുടുംബത്തിന്റെ സംരക്ഷണത്തിനുവേണ്ടി പരമാവധി എന്തെല്ലാം സഹായങ്ങൾ ചെയ്യാൻ കഴിയും എന്നതിനെക്കുറിച്ച് ക്യാബിനറ്റിൽ ആലോചിച്ച് തീരുമാനിക്കും. രാജ്യത്തിന്റേയും സ്ഥാപനത്തിന്റേയും സ്വത്ത് പരിരക്ഷിക്കുന്നതിന് മാതൃകാപരമായാണ് അവർ പ്രവർത്തിച്ചത്.

ശ്രീ. ജി. കാർത്തികേയൻ: ഇവിടെ എല്ലാപേരും പ്രകടിപ്പിച്ച വികാരങ്ങളോട് പ്രതിപക്ഷവും യോജിക്കുന്നു. ധീരതയോടുകൂടി പ്രവർത്തിച്ച ജീവനക്കാർക്കും നാട്ടുകാർക്കും നന്ദിരേഖപ്പെടുത്തുന്നു. പരേതരുടെ ആത്മാവിന് നിത്യശാന്തി നേരുന്നു.

(പരേതരോടുള്ള ആദരസൂചകമായി സഭ ഒരു മിനിറ്റ് എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു)

## (8) ഗാന്ധി സ്മാരകനിധിക്ക് പാട്ടത്തിന് കൊടുത്ത സ്ഥലം

ശ്രീ. ആനത്തലവട്ടം ആനന്ദൻ: ചിറയിൻകീഴ് താലൂക്കിൽ അഴൂർ വില്ലേജിൽപ്പെട്ട ഗാന്ധി സ്മാരക നിധിയുടെ കേരള ശാഖയ്ക്ക് സർക്കാർ പാട്ടത്തിനു നൽകിയ 5 ഏക്കർ ഭൂമി പിൽക്കാലത്ത് ഗാന്ധി സ്മാരകനിധി സ്വകാര്യ വ്യക്തികൾക്ക് മേൽപ്പാട്ടത്തിന് നൽകുകയുണ്ടായി. ഗാന്ധി

സ്മാരക നിധിയുടെ പ്രവർത്തനം നിലച്ചിരിക്കുന്ന സാഹചര്യത്തിൽ അന ധികൃതമായി കയ്യേറിയവർ ഈ ഭൂമി പതിച്ചുവാങ്ങുന്നതിന് വ്യാജരേഖകൾ ചമയ്ക്കുവാൻ ശ്രമിക്കുകയാണ്. അതിനാൽ പാട്ടം റദ്ദ് ചെയ്ത് ഈ സ്ഥലം നാടിന്റെ വികസനത്തിന് തിരിച്ചെടുക്കാനും കയ്യേറ്റക്കാരെ ഒഴിപ്പിക്കാനുമുള്ള നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൽ അഴൂർ വില്ലേജിൽ റീ സർവ്വേ 214/6, 214/9 എന്നിവയിൽ ഉൾപ്പെട്ടതും കേരള ഗാന്ധി സ്മാരക നിധിക്ക് പാട്ടത്തിനു നൽകിയതുമായ സർക്കാർ ഭൂമി പാട്ടം റദ്ദാക്കി സർക്കാരിലേയ്ക്ക് തിരിച്ചെടുക്കുകയാണെന്നു കാണിച്ച് ഗാന്ധി സ്മാരക നിധിയുടെ അഡ്മിനിസ്ട്രേറ്റർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും 23.6.2007-ൽ അവരിൽനിന്നും നേരിൽ വാദം കേൾക്കുകയും ചെയ്തു. 30.8.07-ൽ റവന്യൂ അധികൃതർ ഈ സ്ഥലം സന്ദർശിച്ച് 1.9.07-ൽ റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഇക്കാര്യം പരിശോധിച്ച് ഉടൻതന്നെ അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

**(9) ചാലക്കുടി താലൂക്കാശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റ്.**

ശ്രീ. ബി.ഡി. ദേവസ്സി: എൻ.എച്ച്.47-ൽ ആമ്പല്ലൂർ മുതൽ അങ്കമാലി വരെയുള്ള ഭാഗത്ത് അപകടം സംഭവിച്ചാൽ അടിയന്തിര ശുശ്രൂഷ ലഭ്യമാക്കുന്നതിന് പ്രൈവറ്റ് ആശുപത്രികളെയാണ് ആശ്രയിക്കേണ്ടിവരുന്നത്. പ്രസ്തുത സാഹചര്യം കണക്കിലെടുത്ത് ചാലക്കുടി താലൂക്കാശുപത്രിയിൽ ഒരു ട്രോമാ കെയർ യൂണിറ്റ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): റഫറൽ ആശുപത്രിയായ ചാലക്കുടി താലൂക്കാശുപത്രിയിൽ

ട്രോമാകെയർ യൂണിറ്റ് സ്ഥാപിക്കാനാവശ്യമായ ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും തസ്തികകൾ സൃഷ്ടിക്കാനുള്ള ബുദ്ധിമുട്ടുണ്ട്. ഇന്നത്തെ സ്ഥിതി കണക്കിലെടുത്ത് ഒരു കാഷ്വാലിറ്റി യൂണിറ്റ് എങ്കിലും വളരെ പെട്ടെന്ന് കൊണ്ടുവരാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കാം. ഡോക്ടർമാരുടെയും നഴ്സുമാരുടെയും അധിക തസ്തികകൾ സൃഷ്ടിക്കുന്ന മുറയ്ക്ക് മാത്രമേ ട്രോമാ കെയർ യൂണിറ്റ് സ്ഥാപിക്കാൻ കഴിയുകയുള്ളൂ.

(10) <u>ഹൈറേഞ്ച് മേഖലയിലെ ഡോക്ടർമാർക്ക് പ്രത്യേക അലവൻസ്.</u>

<u>ശ്രീ.കെ.കെ. ജയചന്ദ്രൻ:</u> യാത്ര, താമസം തുടങ്ങിയ ജീവിത സൗകര്യങ്ങൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടു കാരണം ഇടുക്കി ജില്ലയിലെ ഗവണ്മെന്റ് ആശുപത്രികളിൽ ഡോക്ടർമാർ ജോലിയിൽ പ്രവേശിക്കുന്നില്ല. ഈ സാഹചര്യത്തിൽ അവർക്ക് അവിടെ ജോലി ചെയ്യുന്നതിന് പ്രോൽസാഹനമായി പ്രത്യേക ആനുകൂല്യങ്ങൾ അനുവദിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ):</u> ഇടുക്കി, വയനാട്, കണ്ണൂർ, കാസർകോട് മലയോര മേഖലകളിൽ ഡോക്ടർമാരുടെ ക്ഷാമമുണ്ട്. ഇത്തരം മേഖലകളിൽ ജോലി ചെയ്യുന്നവർക്ക് ശമ്പളത്തിനു പുറമേ വളരെ തുച്ഛമായ തുകയാണ് പ്രതിമാസം അലവൻസായി നൽകുന്നത്. ഇതെല്ലാം പരിഗണിച്ച് നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ കീഴിൽ ഒരു പ്രത്യേക സ്കീം തയ്യാറാക്കി ഇത്തരം മേഖലകളിൽ പോകാൻ തയ്യാറാകുന്ന ഡോക്ടർമാർക്ക് ശമ്പളത്തിനു പുറമേ 5,000 രൂപ വരെ കൊടുക്കാനായി ആലോചിച്ചിട്ടുണ്ട്. ഇതിനായി ഡോക്ടർമാർ തയ്യാറാണെങ്കിൽ ഇടുക്കി ജില്ലയിലെ കാര്യം പ്രത്യേകം പരിഗണിക്കുന്നതാണ്. ഏതെങ്കിലും പ്രൈവറ്റ് ഡോക്ടർമാർ ഹൈറേഞ്ച്

മേഖലകളിൽ ജോലി ചെയ്യാൻ സന്നദ്ധത പ്രകടിപ്പിക്കുകയാണെങ്കിൽ അവർക്കും ഈ പ്രത്യേക പരിഗണന കൊടുക്കുന്നതാണ്.

## (11) മാലിന്യ പ്രശ്നം.

ശ്രീ. കെ. ശിവദാസൻ നായർ: പത്തനംതിട്ട നിയോജകമണ്ഡലത്തിൽ തിരുവിതാകൂർ ദേവസ്വംബോർഡിന്റെ കീഴിലുള്ള ആറന്മുള ക്ഷേത്രത്തിൽ നടക്കുന്ന വിവാഹം, വള്ളംകളി എന്നിവയുടെ സദ്യയോടനുബന്ധിച്ചുണ്ടാകുന്ന മാലിന്യങ്ങൾ പമ്പാ നദിയിലും പരിസരപ്രദേശത്തും നിക്ഷേപിക്കുന്നതുമൂലം ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. ഈ കാര്യത്തിൽ അടിയന്തിരപരിഹാരം കാണണമെന്നാവശ്യപ്പെട്ട് പൊല്യൂഷൻ കൺട്രോൾ ബോർഡ് ക്ഷേത്ര ഭാരവാഹികൾക്ക് നോട്ടീസ് കൊടുക്കുകയും പത്തനംതിട്ട ജില്ലാ കളക്ടർ ഒരു മീറ്റിംഗ് വിളിച്ചുകൂട്ടുകയും ചെയ്തിരുന്നു. വേസ്റ്റ് സംസ്ക്കരിക്കാനുള്ള സംവിധാനമില്ലെന്നാണ് അധികാരികൾ പറയുന്നത്. അടിയന്തിരമായി ഒരു വേസ്റ്റ് മാനേജ്മെന്റ് സംവിധാനം അവിടെ ഉണ്ടാക്കാൻ ദേവസ്വം ബോർഡിന് നിർദ്ദേശം കൊടുക്കണം.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ആറന്മുള ക്ഷേത്രത്തോടനുബന്ധിച്ച് നടത്തുന്ന അന്നദാനം, വള്ളംകളിയുമായി ബന്ധപ്പെട്ടുണ്ടാകുന്ന സദ്യ എന്നിവയുടെ മാലിന്യങ്ങൾ കോൺട്രാക്ടർമാർ സംസ്ക്കരിക്കാതെ പോകുന്നതാണ് മാലിന്യപ്രശ്നത്തിന് കാരണം. ഇതുമായി ബന്ധപ്പെട്ട് 6-8-07-ൽ ജലവിഭവ വകുപ്പുമന്ത്രി ജില്ലാ കളക്ടറെ വിളിച്ച് പ്രശ്നം ചർച്ച ചെയ്ത് പരിഹരിക്കാൻ ആവശ്യപ്പെടുകയും അതുപ്രകാരം കളക്ടർ യോഗം വിളിച്ച് വള്ള സദ്യയുടെ അവശിഷ്ടങ്ങൾ പഞ്ചായത്ത് വക കോട്ടയ്ക്കകത്ത് നിക്ഷേപിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആവശ്യമായ പിറ്റുകൾ നിർമ്മിക്കുന്നതിന് മലിനീകരണ നിയന്ത്രണ

ബോർഡിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സദ്യാവശിഷ്ടങ്ങൾ മാത്രമേ കോട്ടയ്ക്കകത്ത് നിക്ഷേപിക്കാവൂ എന്ന കാര്യം പഞ്ചായത്തും പള്ളിയോട സംഘങ്ങളും ശ്രദ്ധിക്കണം. പഞ്ചായത്തുകൾ, ദേവസ്വം ബോർഡ്, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവ കൂട്ടായി ആലോചിച്ച് ഇക്കാര്യത്തിൽ കർശന നടപടി എടുക്കേണ്ടതാണ്.

**(12) അടാട്ട് പഞ്ചായത്തിലെ കേന്ദ്രീയവിദ്യാലയത്തിൽ നടക്കുന്ന അനാചാരങ്ങൾ.**

ശ്രീ. ബാബു എം. പാലിശ്ശേരി: തൃശൂർ ജില്ലയിലെ അടാട്ട് പഞ്ചായത്തിലെ കേന്ദ്രീയ സംസ്കൃത വിദ്യാപീഠത്തിലെ പ്രിൻസിപ്പൽ ആഭിചാരകർമ്മങ്ങൾ നടത്തുകയും ഹരിജനങ്ങളോട് വിവേചനം കാണിക്കുകയും ചെയ്യുന്നു. ഈ വിദ്യാഭ്യാസ സ്ഥാപനം കേരളത്തിലാണ് പ്രവർത്തിക്കുന്നതെന്ന യാഥാർത്ഥ്യം മനസ്സിലാക്കി ഈ വിഷയം കേന്ദ്രഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): കേന്ദ്രഗവണ്മെന്റിന്റെ നിയന്ത്രണാധികാരത്തിലുള്ള കേന്ദ്രീയ സംസ്കൃത വിദ്യാപീഠത്തിൽ കാലഹരണം വന്ന ആചാരങ്ങളും പ്രവർത്തനരീതികളും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയം കേന്ദ്ര ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കണ്ടെത്താനുള്ള അടിയന്തിര നടപടി ഗവണ്മെന്റ് സ്വീകരിക്കുന്നതാണ്.

**(13) ട്രേഡ് മാർക്ക് സർട്ടിഫിക്കറ്റ്**

ശ്രീ. വി.എസ്. സുനിൽ കുമാർ: കേരളത്തിൽ പ്രതിവർഷം 1200 കോടി രൂപയുടെ അലോപ്പതി മരുന്നുകച്ചവടം നടക്കുന്നുണ്ട്. . സാധാരണക്കാർക്ക് ന്യായമായ വിലയ്ക്ക് മരുന്ന് ലഭിക്കുന്നതിനുവേണ്ടി 1998-ൽ ആരംഭിച്ച നീതി

മെഡിക്കൽ സ്റ്റോറുകളിലും മാവേലി മെഡിക്കൽ സ്റ്റോറുകളിലും മരുന്നുകൾ എത്തിച്ചുകൊടുക്കുന്നത് മൊത്ത വ്യാപാരികളായ ഏജൻസികളാണ്. ഇവരുടെ ഒരു സംഘടന സമാന്തര സർക്കാർ പോലെ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ആൾ കേരള കെമിസ്റ്റ്സ് ആന്റ് ഡ്രഗ്ഗിസ്റ്റ്സ് അസോസിയേഷൻ (എ.കെ.സി.ഡി.എ.) എന്ന സംഘടന ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തതാണ്. കേരളത്തിലെ മാവേലി സ്റ്റോറുകൾക്കും നീതി മെഡിക്കൽ സ്റ്റോറുകൾക്കും മരുന്നുകൾ കൊടുക്കാൻ പാടില്ലെന്ന് ഈ സംഘടന മൂന്ന് മരുന്നു കമ്പനികൾക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. ഈ സംഘടനയുടെ ട്രേഡ് മാർക്ക് സർട്ടിഫിക്കറ്റ് ഉള്ള മരുന്നുൽപ്പന്നങ്ങൾ മാത്രമേ കേരളത്തിൽ വിൽപ്പന നടത്താവൂ എന്ന രീതിയിൽ സർക്കാരിനെ വെല്ലുവിളിച്ച് കേരളത്തിൽ പ്രവർത്തിക്കുകയാണ്. മരുന്ന് വാങ്ങുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ഒരു കോർപ്പറേഷൻ രൂപീകരിക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ ഈ സംഘടനയുടെ പ്രവർത്തനം അടിയന്തിരമായി നിയമംമൂലം നിരോധിക്കാനും ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് പ്രവർത്തിക്കുന്ന ഇതിന്റെ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യാനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): കേരളത്തിലെ മാവേലി സ്റ്റോറുകളിലും നീതി സ്റ്റോറുകളിലും ഗവൺമെന്റ് സൗജന്യ നിരക്കിൽ നൽകുന്ന മരുന്നു വില്പനയെ തടസ്സപ്പെടുത്തുകയും സംഘടനയുടെ ട്രേഡ് മാർക്ക് സർട്ടിഫിക്കറ്റുണ്ടെങ്കിൽ മാത്രമേ മരുന്ന് കമ്പനികൾ മരുന്ന് വില്പന നടത്താൻ പാടുള്ളൂവെന്ന നിലപാട് സ്വീകരിക്കുകയും ചെയ്യുന്ന എ.കെ.സി.ഡി.എ.യുടെ നടപടി

ജനാധിപത്യവിരുദ്ധമാണ്. ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ടുമെന്റ് ലൈസൻസ് കൊടുത്താൽ ഇന്ത്യയിലെവിടെയും മരുന്ന് വിതരണം ചെയ്യാം. എ.കെ.സി. ഡി.എ.യുടെ നിയമവിരുദ്ധ പ്രവർത്തനങ്ങളെ ഗവൺമെന്റ് അതിശക്തമായി നേരിടും. അവരുടെ കോടിക്കണക്കിന് രൂപയുടെ അനധികൃത സമ്പാദ്യ ത്തെക്കുറിച്ച് അന്വേഷിക്കണമെന്ന് ആഭ്യന്തര വകുപ്പിനെ അറിയിച്ചിട്ടുണ്ട്. നിബന്ധനകൾക്കു വിപരീതമായി പ്രവർത്തിക്കുന്ന കമ്പനികൾക്ക് ലൈസൻസ് കൊടുക്കേണ്ടതില്ലെന്ന നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഗവൺമെന്റ് ഉടമസ്ഥതയിൽ മരുന്ന് വിതരണം ചെയ്യുന്നതിനായി രൂപീക രിക്കുന്ന കോർപ്പറേഷൻ നാലുമാസത്തിനുള്ളിൽ പ്രവർത്തനക്ഷമമാ ക്കുന്നതിനുള്ള നടപടികൾ ഒരു സ്പെഷ്യൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ നടന്നുവരികയാണ്.

## (14) ആർ.സി.സി. സബ് സെന്റർ

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: മലപ്പുറം ജില്ലയിലെ മഞ്ചേരിയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി റിസോഴ്സസ് സെന്ററിനെ ക്യാൻസർ രംഗത്ത് സന്നദ്ധസേവനം നൽകുന്നവർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്ന ഒരു സ്ഥാപനമാക്കി മാറ്റാനും മഞ്ചേരി ജില്ലാ ആശുപത്രിയുടെ നവീകരണത്തിനാ വശ്യമായ സഹായം നൽകാനും കോഴിക്കോട് മെഡിക്കൽ കോളേജിലെ റേഡിയോ തെറാപ്പി സെന്ററിലേയും ആർ.സി.സി.യിലേയും വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കി ഒരു ക്യാൻസർ ട്രീറ്റുമെന്റ് സെന്റർ സ്ഥാപിക്കാനും ആവശ്യമായ താൽക്കാലിക ഡോക്ടർമാരെ നിയമിക്കാനും നടപടി സ്വീകരി ക്കണം. അടുത്തവർഷത്തെ എൻ.ആർ.എച്ച്.എം. പദ്ധതിയിൽ മലപ്പുറം ജില്ല യെക്കൂടി ഉൾപ്പെടുത്തുന്നതിന് സമർപ്പിച്ചിട്ടുള്ള പദ്ധതിക്ക് അനുമതി നൽകണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): പട്ടിക വിഭാഗത്തിൽപ്പെട്ട ക്യാൻസർ രോഗികൾക്ക് പൂർണ്ണമായും സൗജന്യ ചികിത്സ നൽകുന്നതിനുള്ള സംവിധാനമായിക്കഴിഞ്ഞു. മഞ്ചേരിയിലെ ജില്ലാ ആശുപത്രിയുടെ നവീകരണത്തിന് ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് 50 ലക്ഷം രൂപ അനുവദിച്ചു കഴിഞ്ഞിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിലെ ഡോക്ടർമാരെ പരമാവധി ഉപയോഗപ്പെടുത്തി മഞ്ചേരി ജില്ലാ ആശുപത്രിയുമായി ബന്ധപ്പെട്ട് ആവശ്യമായ പരിശോധന നടത്തി ക്യാൻസർ രോഗം മുൻകൂട്ടി കണ്ടുപിടിക്കൽ, ചികിത്സ എന്നിവ സംബന്ധിച്ച് ഗൗരവമായി ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്.

### (15) പുനലൂർ തൂക്കുപാലം

ശ്രീ. കെ. രാജു: 150 വർഷത്തിലേറെ പഴക്കമുള്ള പുനലൂർ തൂക്കുപാലം സംരക്ഷിക്കുന്നതിനും പാഴ്ത്തടി ഉപയോഗിച്ച് അറ്റകുറ്റപ്പണി നടത്തിയതുമൂലം പാലം ദ്രവിച്ചുപോയ സംഭവത്തെക്കുറിച്ച് അന്വേഷിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എ. ബേബി): പുനലൂർ തൂക്കുപാലത്തിന്റെ സംരക്ഷണ പ്രവർത്തനം പാഴ്ത്തടി ഉപയോഗിച്ച് നടത്തിയത് ധനകാര്യ വകുപ്പിന്റെ വിദഗ്ദ്ധ സാങ്കേതിക പരിശോധനാ വിഭാഗം കണ്ടെത്തിയിട്ടുണ്ട്. അതുസംബന്ധിച്ച് ശക്തമായ നടപടി സ്വീകരിക്കുകയും പ്രസ്തുത തൂക്കുപാലം സംരക്ഷിക്കുന്നതിനും ടൂറിസം വകുപ്പുമായി ആലോചിച്ച് കൂടുതൽ സന്ദർശകർ വരുന്ന സാഹചര്യം സൃഷ്ടിക്കുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതുമാണ്.

## (16) കോളിഫോം ബാക്ടീരിയ

ശ്രീ. ജോസ് തെറ്റയിൽ: രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന കേരളത്തിൽ പകർച്ച വ്യാധികൾക്ക് വഴിതെളിക്കുന്ന കോളിഫോം ബാക്റ്റീരിയയുടെ സാന്നിദ്ധ്യം സംസ്ഥാനത്തെ നദീജലത്തിൽ അപകടകരമായ നിലയിലേയ്ക്ക് ഉയർന്നിട്ടുണ്ടെന്നുള്ള പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അത് നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികൾ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് അടിയന്തിരമായി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): കേരളത്തിലെ ജലസ്രോതസ്സുകളിൽ കോളിഫോം ബാക്ടീരിയയുടെ അളവ് കൂടുതലാണെന്ന ബംഗാളിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്സസ് നടത്തിയ പഠന റിപ്പോർട്ടിന്റെ വെളിച്ചത്തിൽ വിവിധ വകുപ്പുകളുടെ ഏകോപിതമായ പ്രവർത്തനത്തിലൂടെ അവയെ മാലിന്യ വിമുക്തമാക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. കുടിവെള്ളത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ജലസ്രോതസ്സുകളെ മാലിന്യ വിമുക്തമാക്കുന്നതിനുമായി ഗ്രാമീണ മേഖലയിൽ സുജല പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി ഇതുസംബന്ധിച്ച് കൂടുതൽ ശാസ്ത്രീയമായ പഠനം നടത്തി വ്യക്തമായ കർമ്മ പരിപാടി ആവിഷ്ക്കരിച്ച് ജനങ്ങളുടെ ആശങ്ക ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (17) യാക്കരയിലെ ശ്രവണ-സംസാര സ്കൂൾ

ശ്രീ. കെ.കെ. ദിവാകരൻ: കേന്ദ്ര സർക്കാരിന്റെ ഗ്രാന്റുകൊണ്ട് പ്രവർത്തിക്കുന്ന പാലക്കാട് ജില്ലയിലെ യാക്കര ശ്രവണ-സംസാര സ്കൂളിനെ എയിഡഡ് സ്കൂൾ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും സ്പെഷ്യൽ സ്കൂളായി പരിഗണിച്ച് സർക്കാർ സാമ്പത്തിക സഹായം

നൽകുന്നതിനും മുഖ്യമന്ത്രി പ്രഖ്യാപിച്ച ഒരു ലക്ഷം രൂപ നൽകുന്നതിനും അടിയന്തിര നടപടിയുണ്ടാകണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എ. ബേബി): സ്പെഷ്യൽ സിലബസ് അനുസരിച്ചുള്ള പഠനം നടത്താത്തതു കൊണ്ടും സർക്കാർ നിഷ്ക്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിക്കാത്തതു കൊണ്ടുമാണ് യാക്കര ശ്രവണ-സംസാര സ്കൂളിന് ആനുകൂല്യങ്ങൾ നൽകാത്തതെന്നാണ് പരിശോധനയിൽ അറിയാൻ കഴിഞ്ഞത്. മതിയായ രേഖകളോടുകൂടി അപേക്ഷിക്കുകയും വിവരം വിദ്യാഭ്യാസ ഡയറക്ടറെ അറിയിക്കുകയും ചെയ്താൽ സ്പെഷ്യൽ സ്കൂളുകൾക്കുള്ള എല്ലാ ആനുകൂല്യങ്ങളും ഈ സ്കൂളിനും അനുവദിക്കുന്നതാണ്. 1 മുതൽ 7 വരെയുള്ള ക്ലാസ്സുകൾക്ക് എയിഡഡ് പദവി ലഭിച്ചിട്ടുള്ള ഈ സ്കൂളിന് 8 മുതൽ 10 വരെയുള്ള ക്ലാസ്സുകൾക്ക് എയിഡഡ് പദവി ലഭിക്കുന്നതിനുള്ള അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കുകയും മുഖ്യമന്ത്രി പ്രഖ്യാപിച്ച തുക ലഭിക്കാത്തതു സംബന്ധിച്ച് പരിശോധിച്ച് അടിയന്തിര പരിഹാരം കാണുന്നതുമാണ്.

### (18) റാന്നി താലൂക്ക് ആശുപത്രിയിൽ പുതിയ തസ്തികകളും സൗകര്യങ്ങളും

ശ്രീ. രാജു എബ്രഹാം: റാന്നി താലൂക്ക് ആശുപത്രിയിൽ ആവശ്യമായ ഡോക്ടർമാരെ നിയമിക്കുന്നതിനും മറ്റു പാരാമെഡിക്കൽ സ്റ്റാഫുകളുടെ തസ്തിക അനുവദിച്ചുകൊണ്ട് അടുത്ത ശബരിമല സീസണിനുമുമ്പ് ചികിത്സയ്ക്കാവശ്യമായ അടിസ്ഥാന സൗകര്യമേർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): 39 ഐ.പി. യൂണിറ്റുകളും ഏകദേശം 350 ഒ.പി. യൂണിറ്റുകളുമുള്ള റാന്നി താലൂക്ക് ആശുപത്രിയിൽ 11-1-2007-ലെ ഉത്തരവു പ്രകാരം 12 പുതിയ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയെങ്കിലും നിശ്ചയിച്ച ഡോക്ടർമാർ അവിടെ വരാൻ തയ്യാറാകാത്തതിനാൽ താൽക്കാലികാടിസ്ഥാനത്തിൽ 5 ഡോക്ടർമാരെ പോസ്റ്റ് ചെയ്തിട്ടുണ്ട്. ഡോക്ടർമാരൊഴികെയുള്ള മറ്റെല്ലാ സ്റ്റാഫും അവിടെയുണ്ട്. ധനകാര്യ വകുപ്പുമന്ത്രിയുമായി ആലോചിച്ച് കൂടുതൽ ഡോക്ടർമാരെ നിയമിക്കുന്ന കാര്യം ഗൗരവമായി ആലോചിക്കുന്നതാണ്.

### (19) ഞെരളത്ത് രാമപ്പൊതുവാളിന് സ്മാരകം

ശ്രീ. വി. ശശികുമാർ: സോപാന സംഗീതജ്ഞനായ ഞെരളത്ത് രാമപ്പൊതുവാളിന് ഉചിതമായ സ്മാരകം നിർമ്മിക്കുന്നതിനും കേരള കലാമണ്ഡലത്തിൽ സോപാന സംഗീതത്തിനും ഗവേഷണത്തിനുമായി ഒരു ചെയർ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): കേരള കലാമണ്ഡലവുമായി ബന്ധപ്പെട്ടാണോ സംഗീത നാടക അക്കാഡമിയുമായി ബന്ധപ്പെട്ടാണോ ഞെരളത്ത് രാമപൊതുവാളിന്റെ ഓർമ്മ നിലനിർത്താൻ വേണ്ടിയുള്ള സ്മാരകം നിർമ്മിക്കേണ്ടത് എന്നുള്ളതിനെ സംബന്ധിച്ച് സാംസ്ക്കാരിക വകുപ്പ് പരിശോധിച്ച് വേണ്ട ക്രമീകരണം ചെയ്യുന്നതാണ്.

## മേശപ്പുറത്തു വച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തു വച്ചു.

## റിപ്പോർട്ട് സമർപ്പണം.

2007-ലെ കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ (ദേവസ്വം ബോർഡുകളുടെ കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## നിയമനിർമ്മാണകാര്യം

**സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകളുടെ പരിഗണനയും അനന്തര ഘട്ടങ്ങളും**

**(എ) 2007-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ബിൽ**

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എ.പി. അനിൽകുമാർ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഉന്നത വിദ്യാഭ്യാസത്തിന് വ്യക്തമായ ദിശാബോധവും നവീകരണവും അവകാശപ്പെടുന്ന ഒരു കാലഘട്ടത്തിൽ കൊണ്ടുവന്ന ഈ ബില്ലിനെ സ്വാഗതം ചെയ്യുന്നു. വളരെ വ്യക്തമായ ഉദ്ദേശലക്ഷ്യങ്ങളുള്ള ഉന്നത വിദ്യാഭ്യാസ കൗൺസിൽ ബിൽ നിയമമാക്കപ്പെടുമ്പോൾ എല്ലാ

അർത്ഥത്തിലും രാഷ്ട്രീയവൽക്കരിക്കപ്പെടുകയാണ്. വിവിധ തലങ്ങളിൽ.. ഇത് ചർച്ചക്ക് വിധേയമാക്കേണ്ടതായിരുന്നു. 2007 ജനുവരി 25-ാം തീയതി ഇറക്കിയ ഓർഡിനൻസ് റീപ്ലേസ് ചെയ്യാൻ വേണ്ടിയാണ് നിയമം കൊണ്ടു വന്നത്. എന്നാൽ ഓർഡിനൻസ് ഇറക്കാനുണ്ടായ അടിയന്തിര സാഹചര്യം എന്താണെന്ന് ബില്ലിൽ വ്യക്തമാക്കുന്നില്ല. 1986-ലെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി കൊണ്ടുവന്ന ബില്ലിലും ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ സംബന്ധിച്ച് പറയുന്നുണ്ട്. എന്നാൽ ബില്ലിന്റെ ഉദ്ദേശ കാരണങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റിൽ പശ്ചിമ ബംഗാൾ, തമിഴ്നാട്, ആന്ധ്രാപ്രദേശ് പോലുള്ള സംസ്ഥാനങ്ങളിലെ ഉന്നത വിദ്യഭ്യാസ കൗൺസിൽ സ്റ്റാറ്റ്യൂട്ടുകൾ പരിശോധിച്ചതിനുശേഷമാണ് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിക്കുന്നതിനുള്ള കരട് സ്റ്റാറ്റ്യൂട്ടിന് രൂപം നൽകിയിരിക്കുന്നത് എന്നു പറയുക വഴി രാഷ്ട്രീയ താൽപ്പര്യം പ്രകടമാകുകയാണ്. അതനുസരിച്ചാണ് മെമ്പർ സെക്രട്ടറിയേയും മറ്റുള്ളവരേയും നിയമിച്ചിരിക്കുന്നത്. സർവ്വകലാശാലകളുടെ സ്വയംഭരണാവകാശം കവർന്നെടുക്കുന്ന രീതിയിലുള്ള വ്യവസ്ഥകളാണ് ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മൂന്ന് വ്യത്യസ്ത സമിതികളുള്ള ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഉപദേശക സമിതിയിലെ 32 അംഗങ്ങളിൽ അഞ്ചംഗങ്ങൾക്ക് മാത്രമേ അക്കാഡമിക് തലങ്ങളിൽ വ്യക്തമായ ഉപദേശങ്ങൾ നൽകാൻ യോഗ്യതയുള്ളൂ.. അതുകൊണ്ട് വിദ്യാഭ്യാസ രംഗത്ത് ഒരു അഡ്വൈസറി ബോർഡുണ്ടാകണം. ക്ലാസ്സ് 12 (ജെ) അനുസരിച്ച് കേരള നിയമസഭയിലെ അഞ്ചംഗങ്ങളെ നോമിനേറ്റ് ചെയ്യാനുള്ള അധികാരം സ്പീക്കർക്ക് നൽകിയിരിക്കുകയാണ്. ബഹുമാനപ്പെട്ട സ്പീക്കറെ ഇതിൽ നിന്ന് ഒഴിവാക്കണം. എല്ലാ സർവ്വകലാശാലകളിലേയും വൈസ്

ചാൻസലർമാർ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഭരണസമിതിയിൽ ഉൾപ്പെടും എന്നു പറയുക വഴി യൂണിവേഴ്സിറ്റികളുടെ മേൽ ഗവൺമെന്റിന്റെ പിടിമുറുകുന്ന സാഹചര്യം സംജാതമാകും; അതും ഒഴിവാക്കണം. സാക്ഷരതയിൽ ഒന്നാമതായ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്തെ തകർച്ചയ്ക്കുള്ള പ്രധാന കാരണം രാഷ്ട്രീയ അതിപ്രസരവും സർവ്വകലാശാലകളുടെ സ്വയംഭരണാവകാശത്തിന്മേലുള്ള കടന്നുകയറ്റവുമാണ്. ഉന്നത വിദ്യാഭ്യാസമേഖലയിൽ കാതലായ മാറ്റം ഉണ്ടാകണം. നിലവിലുള്ള നിർവ്വാഹക സമിതിയിൽ അഞ്ച് അംഗങ്ങളാണുള്ളത്. കേരളത്തിൽ നിലവിൽ ആറ് യൂണിവേഴ്സിറ്റികളുണ്ട്. ഇതുമൂലം സിൻഡിക്കേറ്റ് യോഗത്തിൽ പങ്കെടുക്കാൻ ഒരു മെമ്പർക്ക് ഒന്നിൽക്കൂടുതൽ യൂണിവേഴ്സിറ്റികളിൽ പോകേണ്ടിവരും. ഉപദേശക സമിതിയിൽ വനിതാ കമ്മീഷന്റെ ചെയർപേഴ്സൺ ഉണ്ട്. അതിൽ എസ്.സി/എസ്.ടി കമ്മീഷൻ ചെയർമാനെക്കൂടി ഉൾപ്പെടുത്തണം. ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ രാഷ്ട്രീയവൽക്കരിക്കാനുള്ള ശ്രമത്തിൽ നിന്നും പിൻമാറണം. ഉന്നത വിദ്യാഭ്യാസ മേഖലയിലെ സ്ഥാപനങ്ങളെ ഇന്നത്തെ തകർച്ചയിൽ നിന്നും കരകയറ്റാനുള്ള മാർഗ്ഗനിർദ്ദേശം നൽകാനുള്ള ഒരു സമിതിയാക്കി ഇതിനെ മാറ്റിയാൽ ഇതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ നല്ല രീതിയിൽ നടപ്പാൻ സാധിക്കും. അതുകൊണ്ട് ഈ നിയമത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തണം.

<u>ശ്രീ. എം. മുരളി</u>: വിദ്യാഭ്യാസരംഗവുമായി ബന്ധപ്പെട്ടുള്ള ആശങ്കകൾ ഒരു പരിധിവരെയെങ്കിലും ദൂരികരിച്ചിട്ടുമാത്രമേ ഈ നിയമത്തിന് അന്തിമ രൂപം കൊടുക്കാൻ പാടുള്ളു. ഈ നിയമം നടപ്പിൽ വരുന്നതോടെ . 1988-ലെ ദേശീയ വിദ്യാഭ്യാസ നയത്തിൽ മുന്നോട്ടുവച്ച ആശയങ്ങളും യു.ജി.സി

മുന്നോട്ടു വച്ച മോഡലുകളും കാറ്റിൽ പറത്തി യൂണിവേഴ്സിറ്റികളുടെ സ്വയംഭരണാവകാശത്തെ നിഷേധിച്ച് സർവ്വകലാശാലകളുടെമേൽ രാഷ്ട്രീയമായ കൂച്ചുവിലങ്ങ് ഇടുന്ന സംവിധാനമായി ഉന്നത വിദ്യാഭ്യാസരംഗം മാറാൻ പോകുകയാണ്. യു.ജി.സി-യുടെ ഗൈഡ്ലൈൻ അനുസരിച്ച് ഉന്നത വിദ്യാഭ്യാസ കൗൺസിൽ എന്നുപറയുന്നത് ഒരു അഡ്വൈസറി നേച്ചറുള്ള, യൂണിവേഴ്സിറ്റികൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്ന, ഉന്നത വിദ്യാഭ്യാസത്തിന്റെ എക്സലൻസ് ഉയർത്തിപ്പിടിക്കാൻ കഴിയുന്ന, പരീക്ഷാ നടത്തിപ്പിനെ സംബന്ധിച്ച പരിഷ്ക്കാരങ്ങൾ നിർദ്ദേശിക്കുന്ന, അക്കാഡമിക് ഇൻപുട്ട് കീപ്പ് അപ് ചെയ്യാൻ കഴിയുന്ന ഒരു സമിതിയായിരിക്കണം. ഇതാണ് ദേശീയ വിദ്യാഭ്യാസ നയവും യു.ജി.സി-യും വിഭാവനം ചെയ്യുന്നതെങ്കിൽ രാഷ്ട്രീയ ലക്ഷ്യം വച്ചുകൊണ്ട് യു.ജി.സി-യുടെ ആ മോഡൽ മറികടക്കുന്ന സംവിധാനമായി ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ ഈ നിയമത്തിലൂടെ മാറ്റിയിരിക്കുകയാണ്. ഗവൺമെന്റിന്റെ ഇച്ഛാശക്തിക്കനുസരിച്ച് താളം തുള്ളുന്ന പ്രസ്ഥാനമായി കേരളത്തിലെ യൂണിവേഴ്സിറ്റികളെ മാറ്റുകയാണ് ഈ നിയമത്തിലൂടെ ചെയ്തിരിക്കുന്നത്. യൂണിവേഴ്സിറ്റികളുടെ അക്കാഡമിക് ആയിട്ടുള്ള കാര്യങ്ങൾക്ക് ഉപദേശവും നിർദ്ദേശവും കൊടുക്കുക എന്നതിനപ്പുറത്ത് യൂണിവേഴ്സിറ്റികളുടെ ദൈനംദിന പ്രവർത്തനത്തിൽ കൈകടത്തുന്ന ഒരു ഏജൻസിയായി ഈ കൗൺസിലിനെ മാറ്റിയിരിക്കുകയാണ്. ഇനിമേൽ യു.ജി.സി കൊടുക്കുന്ന ഗ്രാന്റും സർക്കാർ കൊടുക്കുന്ന ഗ്രാന്റും പൂൾ ചെയ്യുന്നത് ഈ കൗൺസിലിലൂടെയാണ്. ഇതിലൂടെ സാമ്പത്തിക കാര്യങ്ങളിൽ യൂണിവേഴ്സിറ്റികളെ വീർപ്പുമുട്ടിക്കാൻ ഈ കൗൺസിലിനു കഴിയും. യൂണിവേഴ്സിറ്റികളുടെ ആട്ടോണമി എല്ലാ അർത്ഥത്തിലും

ഇല്ലാതാകുകയാണ്. ബില്ലിലെ 4-ാം വകുപ്പിലെ വ്യവസ്ഥ പ്രകാരം യൂണിവേഴ്സിറ്റികളുടെ ഓർഡിനൻസുകളുടെ കാര്യത്തിലും സ്റ്റാറ്റ്യൂട്ടുകളിലും റഗുലേഷനുകളിലും കൈകടത്താൻ ഈ കൗൺസിലന് അധികാരമുണ്ട്. അതിന്റെ ചട്ടക്കൂടുകൾ നിശ്ചയിക്കാനുള്ള അധികാരം ഈ കൗൺസിലിന് നൽകിയിരിക്കുകയാണ്. ഈ നിയമം പാസ്സാകുന്നതോടുകൂടി അക്കാഡമിക് കൗൺസിലുകൾക്കോ ബോർഡ് ഓഫ് സ്റ്റഡീസിനോ പ്രസക്തിയില്ലാതാകുകയാണ്. അക്കാഡമിക് കൗൺസിലിന് അക്കാഡമിക് കാര്യങ്ങളിലുണ്ടായിരുന്ന അധികാരങ്ങൾ മുഴുവൻ ഈ കൗൺസിൽ കവർന്നെടുത്തിരിക്കുകയാണ്. യു.ജി.സി പറഞ്ഞിരിക്കുന്നത്, ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ 10 മുതൽ 13 വരെ അംഗങ്ങൾ മതിയെന്നാണ്. സ്പെഷ്യൽ ഇൻവൈറ്റീസുകൂടി വന്നുകഴിഞ്ഞാൽ ത്രീ ടയർ സിസ്റ്റം നടപ്പാക്കുന്നതോടെ ഈ മൂന്ന് സമിതികളിലുമായി നൂറോളം പേർ വരാൻ പോകുകയാണ്. ഇത്രയും അംഗങ്ങളുള്ള സമിതി രൂപീകരിക്കുന്നത് ദുരുദ്ദേശമാണ്. അഡ്മിനിസ്ട്രേഷന്റെ കാര്യത്തിൽ മാർഗ്ഗനിർദ്ദേശം നൽകുന്നു എന്ന വ്യാജേന യൂണിവേഴ്സിറ്റികളിലെ നിയമനങ്ങളിൽ കൈകടത്താനുള്ള അധികാരം ഉന്നത വിദ്യാഭ്യാസ കൗൺസിൽ കവർന്നടുക്കാൻ പോകുകയാണ്. ഈ അധികാരം കൗൺസിലിന് കൊടുക്കുന്നത് ആപത്കരമായിരിക്കും. അക്കാഡമിക് കൗൺസിൽ, ഗവേണിംഗ് കൗൺസിൽ, എക്സിക്യൂട്ടീവ് കൗൺസിൽ എന്നിവയിൽ വിദ്യാഭ്യാസ രംഗവുമായി ബന്ധപ്പെട്ടവരുടെ പ്രാതിനിധ്യം വളരെ കുറഞ്ഞുപോയിരിക്കുന്നു. സ്പെഷ്യൽ ഇൻവൈറ്റീസ് എന്നുപറഞ്ഞ് ഒരു വിഭാഗത്തെ ഉൾപ്പെടുത്തിയത് അപകടമാണ്. കൗൺസിലിന്റെ സ്റ്റാഫിന്റെ നിയമനങ്ങൾ മുഴുവൻ പി.എസ്.സി.ക്ക് വിടണം. പി.എസ്.സി-ക്ക്

വിട്ടുകൊടുക്കുന്ന കാലം വരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഉദ്യോഗസ്ഥരെ നിയമിക്കാനുള്ള നടപടിയെടുക്കണം. .ബഡ്ജറ്റ് പാസ്സാക്കാനുള്ള അധികാരം ഇതിനകത്ത് നിർണ്ണയിക്കണം. വിദ്യാഭ്യാസ രംഗത്ത് സാമൂഹ്യനീതി ഉയർത്തി പ്പിടിക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ കൊടുക്കുന്ന ഒരു സമിതിയായിട്ട് മാത്രം ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ പരിമിതപ്പെടു ത്തണം. ഈ നിയമം യാഥാർത്ഥ്യമാകുന്നതോടുകൂടി യൂണിവേഴ്സിറ്റികളുടെ അക്കാഡമിക് കാര്യങ്ങളിൻമേലുള്ള നിയന്ത്രണം ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ നിക്ഷിപ്തമാകും. യൂണിവേഴ്സിറ്റികളുടെ ദൈനംദിന കാര്യ ങ്ങളിൽ കൈകടത്തുന്ന ഇതിലെ പ്രൊവിഷൻസ് മാറ്റി അക്കാഡമിക് താല്പ ര്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനുള്ള സമീപനമുണ്ടാകണം.

<u>ശ്രീ. പി.സി. വിഷ്ണുനാഥ്</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ച് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാഴ്ചപ്പാട് എന്താണെന്ന് വ്യക്തമാക്കണം. യു.ഡി.എഫ്. ഗവൺമെന്റ് ഏകീകൃത സർവ്വകലാശാല നിയമം കൊണ്ടുവന്നപ്പോൾ കേരളത്തിലെ സർവ്വകലാശാലകളുടെ സ്വയംഭരണാവകാശം എടുത്തുമാറ്റുന്നുവെന്നു പറഞ്ഞ് പ്രക്ഷോഭ പരിപാടികൾ സംഘടിപ്പിച്ചവർ ഇപ്പോൾ എല്ലാ നിയോജക മണ്ഡലങ്ങളിലും സ്വാശ്രയ കോളേജുകൾ തുടങ്ങാൻ പോകുകയാണ്. യു.ജി.സി.യുടെ മാനദണ്ഡമനുസരിച്ച് കൗൺസിലിൽ 10 മുതൽ 13 വരെ മെമ്പർമാരേ പാടുള്ളൂവെന്ന് പറയുന്നിടത്ത് 75 അംഗങ്ങൾ വരാൻ പോകുക യാണ്. കക്ഷിരാഷ്ട്രീയത്തിന് അതീതരായ കൊള്ളാവുന്ന ആളുകൾ മെമ്പർമാരായി വരണം. 9, 10 വകുപ്പുകളിൽ മെമ്പർ സെക്രട്ടറിക്കും രജി സ്ട്രാർക്കും ഒരേ അവകാശങ്ങളും അധികാരങ്ങളുമാണ് കൊടുത്തിരിക്കു ന്നത് എന്നുള്ളതുകൊണ്ട് ഇവ ഏതെങ്കിലും ഒന്നായി പരിമിതപ്പെടുത്തണം.

പുതിയ കോഴ്സുകളും കോളേജുകളും അനുവദിക്കുന്നതിനുള്ള അധികാരം കൂടി കൗൺസിലിന് കൊടുത്തിരിക്കുകയാണ്. സർവ്വകലാശാലകളുടെ സ്വയംഭരണാവകാശം കവർന്നെടുക്കുന്ന രീതിയിലുള്ള വ്യവസ്ഥകളാണ് ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഭാവിയിൽ ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഓട്ടോണമസ് കോളേജുകൾക്ക് അംഗീകാരം നൽകുമോ; കേരളത്തിൽ സ്വകാര്യ സർവ്വകലാശാലകൾ ഉണ്ടാകുമോ; ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിലവിൽ വരുന്നതോടുകൂടി വിദേശ സർവ്വകലാശാലകളുടെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള ശുപാർശകളും തീരുമാനങ്ങളും ഉണ്ടാകുമോ എന്നീ വിഷയങ്ങളെ സംബന്ധിച്ചുള്ള ജനങ്ങളുടെ സംശയ ങ്ങൾ ദൂരീകരിക്കണം. മെമ്പർ സെക്രട്ടറിക്കും വൈസ് ചെയർമാനും പരമാധി കാരം നൽകുന്ന സംവിധാനത്തിൽ ഘടനാപരമായ മാറ്റം വരുത്തണം.

ശ്രീ.എം. ഉമ്മർ: ബില്ലിലെ പ്രിയാമ്പിളിൽ പറയുന്നതുപോലെയുള്ള മഹ ത്തായ ലക്ഷ്യം കൈവരിക്കാൻ ഇങ്ങനെയുള്ള ജമ്പോ കൗൺസിലിന് കഴിയു മോയെന്ന് പരിശോധിക്കണം. മുഖ്യമന്ത്രിയേയും ഗവർണറേയും വിസിറ്ററും പാട്രണും ആയിട്ടാണ് ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അത് പാട്രണും ചീഫ് പാട്രണും എന്നാക്കുകയും വിസിറ്റർക്ക് കൊടുത്തിട്ടുള്ള അതേ അധി കാരം പാട്രണ് കൊടുക്കുകയും വേണം. സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖ ലയിലെ ആശയക്കുഴപ്പവും അനിശ്ചിതത്വവും കാരണം വിദ്യാർത്ഥികൾ വൻതുക ക്യാപ്പിറ്റേഷൻ ഫീ കൊടുത്ത് അന്യ സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും പോയി പഠിക്കുന്നത് നിരുത്സാഹപ്പെടുത്തി അവരെ ഇവിടെ ത്തന്നെ അക്കോമഡേറ്റ് ചെയ്യുന്നതിനുള്ള നടപടി ഉണ്ടാകണം. വിദ്യാഭ്യാസ മേഖലയിൽ പരമാവധി കേന്ദ്ര സഹായം നേടിയെടുക്കാൻ ശ്രമിക്കണം. ഇൻഡ്യയിൽ 1500-ഓളം കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകിയ

പ്പോൾ സംസ്ഥാനത്തെ ഒരു കോളേജിനുപോലും ആ പദവി നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ല. സ്വാശ്രയ വിദ്യാഭ്യാസ ബില്ലിൽ ന്യൂനപക്ഷ വിരുദ്ധവും ഭരണഘടനാവിരുദ്ധവുമായ നിലപാടുകളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. സച്ചാർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുമ്പോൾ മുസ്ളീം അടക്കമുള്ള പിന്നോക്ക വിഭാഗങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് പരമാവധി ഫണ്ടും സ്ഥാപനങ്ങളും നേടിയെടുക്കാൻ ശ്രമിക്കണം. സംവരണ സീറ്റും മെറിറ്റ് സീറ്റും കൂട്ടിക്കലർത്തിക്കൊണ്ടുള്ള ഫ്ളോട്ടിംഗ് സീറ്റ് എന്ന പുതിയ സമ്പ്രദായത്തിലൂടെ അർഹതപ്പെട്ട ന്യൂനപക്ഷ/പിന്നോക്ക വിഭാഗങ്ങളിലെ പല വിദ്യാർത്ഥികൾക്കും ഈ വർഷം മെഡിക്കൽ സീറ്റുകൾ നിഷേധിക്കപ്പെടാനിടയായതിനെക്കുറിച്ച് പരിശോധിക്കണം. കൊച്ചി, കോഴിക്കോട്, കണ്ണൂർ സർവ്വകലാശാലകളിലെ രജിസ്ട്രാർമാരെ സസ്പെന്റ് ചെയ്യുകയും കോഴിക്കോട് സർവ്വകലാശാലാ സിൻഡിക്കേറ്റിന്റെ കാലാവധി നീട്ടിക്കൊടുക്കുകയും ചെയ്തതിലൂടെ ആട്ടോണമസ് ബോഡിയായ സർവ്വകലാശാലകളുടെ പ്രവർത്തനത്തിൽ സംസ്ഥാന സർക്കാർ ഇടപെടൽ നടത്തിയിരിക്കുകയാണ്. കേന്ദ്രം അനുവദിച്ച എൻ.ആർ.ഐ. യൂണിവേഴ്സിറ്റി കേരളത്തിൽ നേടിയെടുക്കണം. മലബാർ മേഖലയിൽ, പ്രത്യേകിച്ച് മലപ്പുറത്ത് പ്ളസ് 2 പാസ്സായ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് സൗകര്യമുണ്ടാകണം. പ്ളസ് ടുവിന് സീറ്റുകളുടെ എണ്ണം വർദ്ധിപ്പിച്ചെങ്കിലും പ്രശ്നത്തിനു പരിഹാരമായില്ല. പിന്നോക്കപ്രദേശങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യത്തിൽ പ്രത്യേക പരിഗണന ലഭിക്കത്തക്കവിധത്തിലുള്ള ഭേദഗതികൾ ബില്ലിൽ ഉൾപ്പെടുത്തണം.

<u>ശ്രീ. എം. എം. മോനായി</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ

ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. രാഷ്ട്രീയ അജണ്ടകൾ നടപ്പിലാക്കാനുള്ളതും സർവ്വകലാശാലകൾക്ക് മീതെ മറ്റൊരു സൂപ്പർ സർവ്വകലാശാല ഉണ്ടാക്കാനും വേണ്ടിയുള്ളതാണ് ബില്ലിലെ ലക്ഷ്യങ്ങൾ എന്ന ആരോപണം പ്രതിപക്ഷം ഉന്നയിക്കുന്നത് ബില്ലിലെ യഥാർത്ഥ ഉദ്ദേശ്യങ്ങളെക്കുറിച്ച് ഗ്രാഹ്യമില്ലാത്തതു കൊണ്ടാണ്. സർവ്വകലാശാലകളുടെ ആട്ടോണമിയെ ഹനിക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കും മാർഗ്ഗങ്ങൾക്കും നിയമനങ്ങൾക്കും ഈ രംഗത്ത് നിലനിൽക്കുന്ന അസമത്വങ്ങൾക്കും പരിഹാരം കണ്ടെത്തി സാമൂഹ്യ നീതി ഉറപ്പാക്കുക എന്ന ലക്ഷ്യമാണ് ഈ ബില്ലിലൂടെ ഉദ്ദേശിക്കുന്നത്. സവർണ്ണ മേധാവിത്വമാണ് നമ്മുടെ വിദ്യാഭ്യാസ രംഗത്ത് എത്രയോ കാലമായി നിലനിന്നിരുന്നത്. ഈ രംഗത്ത് ഇന്നും സാമൂഹ്യ നീതി ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. സമൂഹത്തോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പാക്കുന്നതിലൂടെ സാമൂഹ്യ നീതി ഉറപ്പുവരുത്താനും യൂണിവേഴ്സിറ്റികളെ യഥാർത്ഥ നിയമത്തിന്റെ വഴിയിൽ കൊണ്ടുവരാനും ഈ ബില്ലിലൂടെ സാധിക്കുന്നതാണ്. സംസ്ഥാനത്തെ സാമൂഹിക-സാമ്പത്തിക വികസനം ലക്ഷ്യം വച്ചുകൊണ്ടാണ് ഈ ബിൽ തയ്യാറാക്കിയിട്ടുള്ളത്. യൂണിവേഴ്സിറ്റികളുടെ അക്കാഡമിക് നിലവാരവും മേന്മയും ഉയർത്തുക എന്ന ലക്ഷ്യമാണ് ബില്ലിലുള്ളത്. മാറിവരുന്ന വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ച് ഉന്നത വിദ്യാഭ്യാസത്തെ കരുപ്പിടിപ്പിക്കാനും പുരോഗമനപരമായ നയങ്ങൾ സ്വീകരിക്കാനും കഴിയണം. ഈ ബില്ലിലെ നന്മകളെയും ഗുണപരമായ വശങ്ങളെയും തിരിച്ചറിയണം. .സമസ്ത വിദ്യാഭ്യാസ മേഖലകളിലും സാമൂഹ്യനീതി പ്രോൽസാഹിപ്പിക്കുന്ന ക്വാളിറ്റിയോടുകൂടിയ എക്സലന്റ് എഡ്യുക്കേഷൻ നൽകാൻ വിവിധ വകുപ്പുകളുടെയും ദേശീയാടിസ്ഥാനത്തിലുള്ള സ്ഥാപനങ്ങളുടെ

ഏകോപനവും ഉപദേശങ്ങളും നൽകുന്ന കൗൺസിലിന്റെ നിയന്ത്രണം സംബന്ധിച്ചാണ് ഗവേണിംഗ് കൗൺസിലിലും എക്സിക്യൂട്ടീവ് കൗൺസിലിലും പറയുന്നത്. സർവ്വകലാശാലകളുടെ ദൈനംദിന ഭരണം നിയന്ത്രിക്കാൻ സർക്കാർ ശ്രമിക്കുന്നുവെന്ന വാദം ശരിയല്ല. മാറിവരുന്ന സാഹചര്യങ്ങൾക്കനുസരിച്ച് വിദ്യാഭ്യാസ രംഗത്ത് കരിക്കുലം നിശ്ചയിക്കാനും പുതിയ കോഴ്സുകൾ ആരംഭിക്കാനും കഴിയണം. വിദ്യാഭ്യാസ വിചക്ഷണൻമാർ ചർച്ചചെയ്ത് തയ്യാറാക്കുന്ന പുതിയ കരിക്കുലത്തിനാണ് രൂപം നല്കേണ്ടത്. .സമൂഹം വികസിക്കുന്നതനുസരിച്ചും മാറ്റങ്ങൾക്കനുസരിച്ചും നിയന്ത്രിക്കാനും ഭരണം കാര്യക്ഷമമാക്കാനും കൗൺസിലിനു കഴിയണം. 60 വർഷങ്ങൾക്കുശേഷമാണ് ഇങ്ങനെയൊരു ബിൽ വരുന്നത്. ബില്ലിൽ വിഭാവനം ചെയ്യുന്ന കാര്യങ്ങൾ നിർവ്വഹിക്കുന്നത് ഗവേണിംഗ് കൗൺസിലാണ്. സാമൂഹ്യ സമത്വം അടിസ്ഥാനമാക്കിയുള്ള നയമാണ് നടപ്പിലാക്കാൻ ശ്രമിക്കുന്നത്. ഈ ബില്ലിൽ ഏതെങ്കിലും സർവ്വകലാശാലയുടെ സ്വയംഭരണത്തെ നശിപ്പിക്കാനോ അല്ലെങ്കിൽ സൂപ്പർ സർവ്വകലാശാല ആകാനോ വേണ്ടി വ്യവസ്ഥ ചെയ്തിട്ടില്ല.

ശ്രീ. രാജാജി മാത്യൂ തോമസ്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവുമായ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് പ്രധാനപ്പെട്ട ഉപകരണമാണ് വിദ്യാഭ്യാസം. നിർദ്ദിഷ്ട ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ അംഗസംഖ്യ 13 ആയി പരിമിതപ്പെടുത്തുന്നു. 1966-ൽ കോത്താരി കമ്മീഷൻ

സമർപ്പിച്ച റിപ്പോർട്ട് മുതൽ ഇതുവരെയുള്ള കാലം പരിശോധിച്ചാൽ വിദ്യാഭ്യാസരംഗത്ത് ഏത് തരത്തിലുള്ള രാഷ്ട്രീയമാണ് അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നതെന്ന് വ്യക്തമാണ്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഏറ്റവുമധികം സ്വാധീനം ചെലുത്തുന്ന യു.ജി.സി.യുടെ പങ്ക് ഗണ്യമായി വെട്ടിക്കുറയ്ക്കണമെന്നാണ് റിപ്പോർട്ടുകളിൽ പറയുന്നത്. All India Council for Technical Education, Medical Council of India, Bar council of India തുടങ്ങിയ എല്ലാ സ്ഥാപനങ്ങളുടേയും പങ്കാളിത്തം ഗണ്യമായി കുറച്ചുകൊണ്ടുള്ള ഒരു സംവിധാനത്തെക്കുറിച്ചാണ് റിപ്പോർട്ടിൽ പറയുന്നത്. ഈ ബിൽ വിദ്യാഭ്യാസരംഗത്തിന്റെ ജനാധിപത്യ സ്വഭാവത്തെ പൂർണ്ണമായും പരിരക്ഷിക്കുന്ന തരത്തിലുള്ളതാണ്. ഒരു വിദ്യാഭ്യാസ സംവിധാനത്തിലെ ജനാധിപത്യം നിലനിർത്തുന്നതിനായി ആലോചനകൾക്ക് വിപുലമായ അവസരം നൽകുന്ന സമീപനമാണ് ഈ ബിൽ ഉറപ്പുനൽകുന്നത്. വിദ്യാഭ്യാസരംഗത്ത് ഇന്നുള്ള സാദ്ധ്യതകൾ പൂർണ്ണമായി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. കാലഘട്ടത്തിന്റെ ആവശ്യത്തിനനു സരണമായ കോഴ്സുകൾക്കും കരിക്കുലത്തിനും സിലബസുകൾക്കും രൂപം കൊടുക്കുക എന്നുള്ളതാണ് ഈ ബില്ലിന്റെ ലക്ഷ്യം. പ്രീഡിഗ്രി വേർപെടുത്തിയപ്പോൾ ഉണ്ടായ സാദ്ധ്യതകൾ പൂർണ്ണമായി പ്രയോജനപ്പെടുത്താൻ നമ്മുടെ സർവ്വകലാശാലകൾക്ക് കഴിഞ്ഞിട്ടില്ല. സ്വകാര്യ കോളേജുകൾക്ക് അത് നന്നായി പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടുമുണ്ട്. സ്വകാര്യ കോളേജുകൾ പലതും ഒരു യൂണിവേഴ്സിറ്റിയുടേയും അനുമതി കൂടാതെ സ്വന്തം താൽപ്പര്യങ്ങൾക്കനുസരിച്ച് പുതിയതായി ലഭിച്ച അവസരങ്ങളും

സൗകര്യങ്ങളും പ്രയോജനപ്പെടുത്തി എണ്ണമറ്റ സെൽഫ് ഫിനാൻസിംഗ് കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിന് അഫിലിയേറ്റഡ് യൂണിവേഴ്സിറ്റികൾ അവർക്ക് അനുമതി നൽകിയിട്ടുണ്ടോ എന്നും അതിനുവേണ്ടി പുതിയതായി അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ എന്നും പരിശോധിക്കണം. ഇത്തരം പ്രവണതകളെ ഫലപ്രദമായി നിയന്ത്രിക്കാൻ കഴിയുന്ന സംവിധാനം സംസ്ഥാനത്ത് ഉണ്ടാകണം. നമ്മുടെ വിദ്യാഭ്യാസ മേഖല കാലാനുസൃതമായി പരിഷ്ക്കരിക്കേണ്ടതുണ്ട്. ഇന്നത്തെ സമൂഹത്തിന് യോജിച്ച വൈദഗ്ദ്ധ്യത്തോടുകൂടിയ വ്യക്തികളെ വാർത്തെടുക്കുന്ന സ്ഥാപനങ്ങൾ ആയിട്ട് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാറണം. പുതിയ തൊഴിലവസരങ്ങൾക്കുവേണ്ടി ലോകം ഉറ്റുനോക്കുന്ന ഒരു മേഖലയുടെ വിദ്യാഭ്യാസാവശ്യങ്ങളെക്കുറിച്ച് സമഗ്രമായി ചിന്തിക്കാനും അത്തരം ഒരു മേഖലയ്ക്കാവശ്യമായ നയങ്ങൾ രൂപീകരിക്കാനും കഴിയുന്ന കൗൺസിൽ ആണ് ഈ നിയമത്തിലൂടെ വിഭാവനം ചെയ്യപ്പെടുന്നത്. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് അത് സഹായകമാകും. വിദ്യാഭ്യാസ രംഗത്ത് കേരളം കൈവരിച്ച നേട്ടങ്ങളെ പരിപോഷിപ്പിക്കുന്ന സ്ഥാപനമായി ഇത് മാറേണ്ടതുണ്ട്. നോളഡ്ജ് കമ്മീഷൻ മുന്നോട്ടുവച്ചിട്ടുള്ള നിർദ്ദേശങ്ങളിൽ ഏത് തരത്തിലുള്ള യൂണിവേഴ്സിറ്റികളാണ് നമുക്ക് വേണ്ടതെന്ന് ഗൗരവമായി ആലോചിക്കണം. വൻതോതിൽ വിദ്യാർത്ഥികളെ ഉൾക്കൊള്ളുന്ന അഫിലിയേറ്റഡ് കോളേജുകളുള്ള യൂണിവേഴ്സിറ്റികളാണ് സംസ്ഥാനത്തുള്ളത്. അത്തരം യൂണിവേഴ്സിറ്റികളെ സംരക്ഷിച്ചുകൊണ്ട് കോളേജിൽ പഠിക്കുന്ന ഏറ്റവും സാധാരണക്കാരായ വിദ്യാർത്ഥികൾക്ക് പഠിക്കാനവസരമൊരുക്കിയാൽ മാത്രമേ കേരളത്തിന് നാം അവകാശപ്പെടുന്ന വിദ്യാഭ്യാസ നേട്ടങ്ങൾ നിലനിർത്താനും അത് വികസിപ്പിക്കാനും കഴിയൂ. ഉന്നത വിദ്യാഭ്യാസ

രംഗത്തെ പോരായ്മ നാം കാണേണ്ടതുണ്ട്. സാമൂഹ്യനീതിയെക്കുറിച്ച് സംസാരിക്കുമ്പോൾ മറ്റെല്ലാ മാനദണ്ഡങ്ങൾക്കും ഉപരിയായി മഹാഭൂരി പക്ഷം വരുന്ന അടിസ്ഥാന യോഗ്യതയുള്ള വിദ്യാർത്ഥികൾക്ക് ചേർന്നു പഠിക്കാൻ കഴിയുന്ന സർവ്വകലാശാലകളായി മാറണമെങ്കിൽ സാമൂഹ്യ ഇട പെടലിന്റെ ആവശ്യമുണ്ട്. ആ സാമൂഹ്യ ഇടപെടലിന് ഉന്നത വിദ്യാഭ്യാസ കൗൺസിലിന് നേതൃത്വം നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുകയാണ്. അതിന്റെ പ്രവർത്തനശൈലിയിൽ പറഞ്ഞിട്ടുള്ള ലക്ഷ്യങ്ങൾ നാം കൈവരി ക്കുകയാണെങ്കിൽ അത്തരം ഫലപ്രദമായ നേതൃത്വം നൽകാൻ ഉന്നത വിദ്യാഭ്യാസ കൗൺസിലിന് കഴിയും.

വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ രൂപീകരണത്തിനാവശ്യമായ നിയമനിർമ്മാണം സംബന്ധിച്ച ചർച്ചയിൽ പങ്കെടുത്ത്, വിയോജനക്കുറിപ്പ് അവതരിപ്പിച്ച്, വിമർശനങ്ങളിലൂടെയും അഭിപ്രായ പ്രകടനങ്ങളിലൂടെയും ഉന്നത വിദ്യാഭ്യാസ രംഗം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുമായി ബന്ധപ്പെട്ട കാഴ്ചപ്പാടുകൾ മുന്നോട്ടുവയ്ക്കാൻ തയ്യാറാവുകയും ഈ ബിൽ പാസ്സാക്കി നടപ്പിലാക്കാൻ തുടങ്ങുമ്പോൾ ഗവൺമെന്റ് സ്വീകരിക്കേണ്ട ശ്രദ്ധയും ജാഗ്ര തയും പുലർത്തേണ്ട മേഖലകൾ സംബന്ധിച്ച് സഹായകരമായ ഉപദേശ ങ്ങൾ നൽകുകയും ചെയ്ത എല്ലാ അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു. വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് മറ്റ് സംസ്ഥാനങ്ങളെ അപേ ക്ഷിച്ച് കേരളം കൂടുതൽ ഉൾക്കൊള്ളുകയും മനസ്സിലാക്കുകയും ചെയ്യുന്നു. വ്യക്തി വികാസത്തിന്റെ വളർച്ചയിൽ വിദ്യാഭ്യാസം വഹിക്കുന്ന പങ്ക് സുപ്ര ധാനമാണ്. ഒരു വ്യക്തിയുടെ ഉപജീവനം മെച്ചപ്പെട്ട തലത്തിൽ ആക്കുന്ന തിന് ഏറ്റവും പറ്റിയ പഠനമേഖല ഏതെന്ന് ചിന്തിക്കുന്ന പ്രവണത സമൂഹ

ത്തിനുണ്ട്. കഴിവുകൾ പഠനത്തിന്റെ വ്യത്യസ്ത മേഖലയിൽ വികസിപ്പിച്ചു കൊണ്ടുപോകാൻ കഴിയണം. ആ കഴിവുകൾ വികസിപ്പിച്ചതിനെത്തുടർന്ന് തനിക്കും സമൂഹത്തിനും പ്രയോജനപ്പെടുന്ന ഒരു തൊഴിലിൽ ഏർപ്പെടാൻ വിദ്യാഭ്യാസത്തിലൂടെ ഓരോരുത്തർക്കും കഴിയണം. കൂടുതൽ പണം ലഭിക്കുന്ന തൊഴിൽ പഠിക്കുന്നത് വിദ്യാഭ്യാസത്തിന്റെ ബലഹീനതയായാണ് കാണുന്നത്. ഉന്നത വിദ്യാഭ്യാസ രംഗത്ത് ശാസ്ത്രീയവും മാനസികവുമായ മൂല്യത്തിൽ അധിഷ്ഠിതമായ ഒരു കാഴ്ചപ്പാട് വികസിപ്പിച്ചെടുക്കാൻ സമൂലമായി ഇടപെടേണ്ടതുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത് നിലവാരശോഷണം സംഭവിക്കുന്നുണ്ട്. കേരളത്തിൽ രാഷ്ട്രീയ അഭിപ്രായ സമന്വയത്തിനുവേണ്ടി പരമാവധി പരിശ്രമിക്കുകയും അന്വേഷിക്കുകയും ചെയ്യേണ്ട ഒരു മേഖലയാണ് വിദ്യാഭ്യാസം. സർവ്വകലാശാലകളുടെ സ്വയംഭരണാവകാശങ്ങൾ മുഴുവൻ കവർന്നെടുക്കുന്നുവെന്നും ജംബോ സമിതിയായി രൂപവൽക്കരിക്കപ്പെടുന്നുവെന്നും പാർശ്വവർത്തികളെ കുത്തിനിറച്ചിരിക്കുന്നുവെന്നുമുള്ള വിമർശനങ്ങൾ വരികയുണ്ടായി. കേരളത്തിൽ രൂപവൽക്കരിക്കപ്പെടുന്ന ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ വളരെ താല്പര്യത്തോടെയാണ് യു.ജി.സി. നോക്കിക്കാണുന്നത്. യു.ജി.സി.യുമായി സഹകരിച്ചുകൊണ്ട് ഉന്നത വിദ്യാഭ്യാസ കൗൺസിൽ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് ചർച്ചകളും ദേശീയ സെമിനാറുകളും സംഘടിപ്പിക്കുകയാണ്. ഒരേ വ്യക്തി തന്നെ ഒന്നിലധികം സമിതികളിൽ അംഗമായി വരുന്നുണ്ട്. ഒരേ ആളുകൾ ഒന്നിലധികം സമിതികളിൽ അംഗങ്ങളാകുന്നു. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വൈസ് ചെയർമാനും മെമ്പർ സെക്രട്ടറിയും മൂന്ന് സമിതികളിലും അംഗങ്ങളാണ്. ഇതിന്റെ ചെയർമാൻ അഡ്വൈസറി കൗൺസിലിലും ഗവേണിംഗ് കൗൺസിലിലുമുണ്ട്. വിദ്യാഭ്യാസ വിദഗ്ദ്ധ

രായ 5 പേർ സ്റ്റാൻഡിംഗ് കമ്മിറ്റിയിലും ഗവേണിംഗ് കൗൺസിലിലുമുണ്ട്. അങ്ങനെ ഇതിൽ 12 പേരുടെയെങ്കിലും പേരുകൾ ഒന്നിലധികം സ്ഥലത്ത് പരാമർശിക്കപ്പെടുന്നു. അഡ്വൈസറി കൗൺസിലാണ് മറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിലുകളിൽ ഇല്ലാത്ത വിധത്തിൽ കേരളം പുതുതായി ഹയർ എഡ്യൂക്കേഷൻ കൗൺസിൽ എന്ന സങ്കൽപ്പത്തിൽ കൂട്ടിച്ചേർത്തിട്ടുള്ള ഘടകം ബംഗാളിലും കേരളത്തിലും ഹയർ എഡ്യൂക്കേഷൻ കൗൺസിലിലെ അംഗങ്ങളുടെ എണ്ണം ഏതാണ്ട് തുല്യമാണ്. വർഷത്തിലൊരിക്കൽ കൂടുന്ന അഡ്വൈസറി കൗൺസിൽ മാറ്റിവച്ചുകഴിഞ്ഞാൽ ഹയർ എഡ്യൂക്കേഷൻ കൗൺസിലിലെ അംഗങ്ങൾ 30-നു താഴെയാണ്. അതിൽ 22 അംഗങ്ങളും യൂണിവേഴ്സിറ്റി വൈസ് ചാൻസലർമാരും ഉൾപ്പെടുന്നു. 9 അംഗങ്ങളടങ്ങുന്ന സ്റ്റാൻഡിംഗ് കൗൺസിലിൽ ഹയർ എഡ്യൂക്കേഷൻ പ്രിൻസിപ്പൽ സെക്രട്ടറി ഒഴികെയു ള്ളവർ അക്കാഡമിക് മേഖലയിൽ ഉള്ളവരാണ്. അഡ്വൈസറി കൗൺസിലിൽ ത്രിതല പഞ്ചായത്തുകളിലെ പ്രതിനിധികളും സ്പീക്കർ നോമിനേറ്റ് ചെയ്യേണ്ട 5 നിയമസഭാ സാമാജികരും പ്രതിപക്ഷ നേതാവും മേയർമാരുടേയും പാർലമെന്റ് അംഗങ്ങളുടേയും പ്രതിനിധികളും വിദ്യാഭ്യാസ, ശാസ്ത്ര- മാധ്യമ മേഖലകളിൽ കഴിവ് തെളിയിച്ച പ്രഗൽഭരും ഉൾപ്പെടുന്നു. രാഷ്ട്രപതിയാണ് എല്ലാ കേന്ദ്ര സർവ്വകലാശാലകളുടേയും വിസിറ്ററായി പ്രവർത്തിക്കുന്നത്. അതുകൊണ്ട് ഇതിലും വിസിറ്റർ എന്ന പേര് മാറ്റേണ്ട കാര്യമില്ല. വ്യത്യസ്ത നിലവാരത്തിലുള്ള സർവ്വകലാശാലകളുടെ ഉത്തരവാദിത്വങ്ങളും ചുമതലകളുമൊക്കെ വഹിക്കു ന്നതിന് കൂടുതൽ പരിചയമുള്ളവരെ നിയോഗിക്കുന്നതിൽ ആശയക്കുഴപ്പം ഉണ്ടാകേണ്ട കാര്യമില്ല. സർവ്വകലാശാലകളുടെ

ചാൻസലറായ ഗവർണ്ണർക്ക് സർവ്വകലാശാലകളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നിലവിൽ വരുന്ന ഉന്നത സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളിൽ അധികാരത്തോടുകൂടിയ ചുമതല ഉണ്ടാകുന്നത് ഉചിതമെന്നത് കണക്കിലെടുത്തുകൊണ്ടാണ് പാട്രൺ എന്ന പദവി പുതുതായി ഉൾക്കൊള്ളിച്ചത്. ഈ ബില്ലിൽ സർവ്വകലാശാലകളുടെ സ്വയംഭരണാവകാശത്തെ ഹനിക്കുന്ന വ്യവസ്ഥകളില്ല. സർവ്വകലാശാല കളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഗവണ്മെന്റിന് ഉപദേശം കൊടുക്കാനുള്ള ഗൈഡ്ലൈൻസ് നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. യു.ജി.സി.യുടെ ഗൈഡ്ലൈനിൽ സംസ്ഥാന ഗവണ്മെന്റ് യൂണിവേഴ്സിറ്റികൾക്ക് കൊടുക്കാനുള്ള തുക ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ ഏൽപ്പിക്കണമെന്ന് പറയുന്നു. ഓരോ സർവ്വകലാശാലയ്ക്കും എന്ത് പണം കിട്ടണമെന്നുള്ളത് ഉന്നത വിദ്യാഭ്യാസ കൗൺസിൽ തീരുമാനിക്കും. ആ ഉപദേശം അതേപടി സ്വീകരിക്കാനുള്ള ബാധ്യത ഗവണ്മെന്റിനില്ല. ആ നിലയിൽ എല്ലാ കാര്യങ്ങളിലും സർവ്വകലാശാലകളേയും ഗവണ്മെന്റിനേയും ഉപദേശിക്കാനുള്ള അധികാരങ്ങൾ മാത്രം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ബില്ലാണിത്. നാനോ ടെക്നോളജിയുമായി ബന്ധപ്പെട്ട് വിവിധ സർവ്വകലാശാലകളിൽ ഡിപ്പാർട്ടുമെന്റുകൾ തുടങ്ങുന്നതിന് അക്കാര്യത്തിൽ പരിജ്ഞാനമുള്ളവരെ ചുമതലപ്പെടുത്തുന്നതാണ്. സ്വകാര്യ സർവ്വകലാശാലകൾ സംസ്ഥാനത്ത് അനുവദിക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നില്ല. വിദേശ സർവ്വകലാശാലാ സ്ഥാപനങ്ങളുമായി മെച്ചപ്പെട്ട ബന്ധം സ്ഥാപിക്കാനും സഹകരണം ശക്തിപ്പെടുത്താനും ഉദ്ദേശിക്കുന്നു. വിദേശ സ്വകാര്യ സർവ്വകലാശാല സംസ്ഥാനത്ത് അനുവദിക്കുന്നത് ഗുണകരമല്ല എന്നാണ് ഗവണ്മെൻര് കരുതുന്നത്. സർവ്വകലാശാലകളുടെ സ്വയംഭരണാധികാരത്തിൽ കൈകട

ത്താനോ വൈസ് ചാൻസലറുടെ പ്രവർത്തനങ്ങളിൽ ഇടപെടാനോ ഗവണ്മെന്റ് ഉദ്ദേശിക്കുന്നില്ല. പിന്നോക്കവിഭാഗങ്ങളിൽപ്പെട്ടവർക്കും എസ്.സി./എസ്.ടി. വിഭാഗത്തിനും മെഡിക്കൽ സീറ്റ് നഷ്ടപ്പെടുന്നു എന്നുള്ളതു സംബന്ധിച്ച് വസ്തുനിഷ്ഠമായ തെളിവുകളുടെ അടിസ്ഥാനത്തിൽ പരാതി തന്നാൽ പരിശോധിക്കുന്നതാണ്. വിദ്യാഭ്യാസരംഗത്ത് കേന്ദ്ര നിക്ഷേപം നേടിയെടുക്കാൻ പരമാവധി ശ്രമിക്കുന്നതാണ്. പ്രവാസി സർവ്വകലാശാല കേരളത്തിൽത്തന്നെ ആരംഭിക്കണമെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്തെ നിലവാരം ഉയർത്തുന്നതിനും അതോടൊപ്പം മെറിറ്റിന്റെ അടിസ്ഥാനത്തിൽ അർഹതയുള്ളവർക്കെല്ലാം ഉന്നതവിദ്യാഭ്യാസം പ്രാപ്യമാക്കുമെന്ന് ഉറപ്പുവരുത്താനും ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് പുതിയ ഔന്നത്യം സംഭാവന ചെയ്യാനും ഈ ഉന്നതവിദ്യാഭ്യാസ കൗൺസിൽ നിലവിൽ വരുന്നതോടുകൂടി കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2007-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

**2-ാം വകുപ്പ്.**

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(112) In clause 2, in item (k) for the word "learning" the word "education" shall be substituted.

ശ്രീ. കെ.സി. ജോസഫ്: 113, 119, 124, 130, 141 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 114, 118, 120, 121, 125, 131, 136, 142 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ: 122-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. വേണുഗോപാൽ: 123-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ: 126, 133 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു: 135-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. മുരളി: 138-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എ.പി. അനിൽകുമാർ: 139-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): 2(l)-ൽ "Indian Medicine Central Council Act, 1970, (Central Act 48 of 1970)" എന്നുള്ളത് "Indian Medical Council Act 1956 (Central Act 102 of 1956)' എന്നാക്കി മാറ്റണം എന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു. വാക്കാൽ ഭേദഗതിയും ഔദ്യോഗിക ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. കെ.സി. ജോസഫ് അവതരിപ്പിച്ച 113-ാം നമ്പർ ഭേദഗതി 16-നെതിരെ 43 വോട്ടുകളോടെ സഭ നിരാകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 3-ാം വകുപ്പ്.

ശ്രീ. എം. ഉമ്മർ: 143-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 4-ാം വകുപ്പ്.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

(147) In sub clause (2) of clause 4, in items (m), (p) and (q), for the word "learning" wherever it occurs the word "education" shall be substituted.

ശ്രീ. തോമസ് ഉണ്ണിയാടൻ: 149, 171 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. വേണുഗോപാൽ: 158, 198 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. ജോസഫ്: 159, 161, 170 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ: 160, 199 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. സി.പി. മുഹമ്മദ്: 166-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. മുരളി: 179, 169 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. തോമസ് ചാഴികാടൻ: 180-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എ.പി. അനിൽകുമാർ: 183-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു: 191-ാം നമ്പർ ഭേദഗ.തി അവതരിപ്പിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ: 192-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): In clause 4(2) (l) for the words "Scheduled Tribes Welfare programmes" substitute the words "Scheduled Tribes and other Eligible Backward Classes Welfare Programmes" എന്ന 185-ാം നമ്പർ ഭേദഗതിയും ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു. ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ശ്രീ. കെ.സി. ജോസഫ് അവതരിപ്പിച്ച 170-ാം നമ്പർ ഭേദഗതി 17-നെതിരെ 44 വോട്ടുകളോടെ സഭ നിരാകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരുമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 5-ാം വകുപ്പ്.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 6-ാം വകുപ്പ്.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(204) In clause 6, in sub-clause (3) the words, "if present" shall be omitted. ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 7-ാം വകുപ്പ്.

ശ്രീ. കെ.സി. ജോസഫ്: 210-ാം നമ്പർ ഭേദഗതി അവതതരിപ്പിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 8-ാം വകുപ്പ്.

ശ്രീ. കെ.സി. ജോസഫ്: 215, 217, 218, 219, 221 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എ.പി. അനിൽകുമാർ: 216-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. കെ.സി. ജോസഫ് അവതരിപ്പിച്ച 218, 219, 221 എന്നീ നമ്പർ ഭേദഗതികൾ 17-നെതിരെ 45 വോട്ടുകളോടെ സഭ നിരാകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 9-ാം വകുപ്പ്

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(222) In clause 9, after sub-clause (2), the following sub clause shall be inserted:-

" (3) The Member Secretary shall exercise such powers and perform such other function as may be prescribed."

ശ്രീ. സി.പി. മുഹമ്മദ്: 224- ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. ജോസഫ്: 226- ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. മറ്റ് ഭ ദേഗതികൾ സ്വീകാര്യമല്ല

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 10-ാം വകുപ്പ്

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(227) In Clause 10, after sub-clause (4), the following sub clause shall be inserted:-

"(5) The terms and conditions of service of the Registrar shall be such as may be prescribed."

ശ്രീ. എം. മുരളി: 229- ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. ജോസഫ്: 232, 234 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ.കെ. ബാബു: 235- ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): ശ്രീ. ബാബു പ്രസാദ് നോട്ടീസ് നൽകിയ 228-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

(228) In Clause 10(1) the word " A Senior officer" shall be substituted by the words "An officer".

താഴെപ്പറയുന്ന വക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

In Clause 10 (1) the words " who shall hold office for a period of four years from the date of such appointment" shall be substituted by " on deptuation".

ഔദ്യോഗിക ഭേദഗതികളും വാക്കാൽ ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും വാക്കാൽ ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ സഭ നിരാകരിച്ചു..

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 11-ാം വകുപ്പ്

ശ്രീ. കെ.സി. ജോസഫ്: 236-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു: 242-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ: 244- ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): .ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 12-ാം വകുപ്പ്

ശ്രീ. കെ. സി. വേണുഗോപാൽ : 246- ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. മുരളി: 247-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. ജോസഫ്: 248-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 13-ാം വകുപ്പ്

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: 257-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): .ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 14-ാം വകുപ്പ്

ശ്രീ. സി.പി. മുഹമ്മദ്: 265-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. ജോസഫ്: 266, 270 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എ.പി. അനിൽകുമാർ: 268-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): .ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 15-ാം വകുപ്പ്

ശ്രീ. കെസി.ജോസഫ്: 271-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ.കെ. ബാബു: 272-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ: 273, 274 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. വേണുഗോപാൽ: 275-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): .ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 16-ാം വകുപ്പ്

ശ്രീ. എം. മുരളി: : 277-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. ജോസഫ്: : 278, 279 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): .ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 17-ാം വകുപ്പ്

ശ്രീ.കെ.സി. ജോസഫ്: 282-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: 283-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. സി.പി. മുഹമ്മദ്: 288-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു:

In clause 17 (c) Afterr the words "it shall nominate one of its members to the syndicate" add the words "or executive committee"

വാക്കാൽ ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 18-ാം വകുപ്പ്

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

(289) In clause 18 in sub-clause (1), for the words, "Governing Council and Executive Council", the words, "Governing Council, Executive Council and anyother body constituted by the Council" shall be substituted.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 19-ാം വകുപ്പ്

ശ്രീ. കെ.സി. ജോസഫ്: 293-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): .ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 20-ാം വകുപ്പ്

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 21-ാം വകുപ്പ്

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): . താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

(296 A) : In clause 21 after the words, " or nominated" the words "or elected " shall be inserted.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 21-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 21-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 22-ഉം 23-ഉം വകുപ്പുകൾ

22-ഉം 23-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

22-ഉം 23-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

## 24-ാം വകുപ്പ്

ശ്രീ.കെ.സി. ജോസഫ്: 297-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): .ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. കെ.സി. ജോസഫ് അവതരിപ്പിച്ച 297-ാം നമ്പർ ഭേദഗതി 15 നെതിരെ 45 വോട്ടുകളോടെ സഭ നിരാകരിച്ചു.

24-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

24-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 25-ാം വകുപ്പ്

ശ്രീ. കെ.സി. വേണുഗോപാൽ: 300-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. സി.പി. മുഹമ്മദ്: 301-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

25-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

25-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 26-ാം വകുപ്പ്

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

(302): In clause 26 in sub-clause (2) after the words "in such form" the words "and in such manner" shall be inserted.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 26-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 26-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 27 മുതൽ 33 വരെയുള്ള വകുപ്പുകൾ

27 മുതൽ 33 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

27 മുതൽ 33 വരെയുള്ള  വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

## 1-ാം വകുപ്പും പീഠികയും പേരും

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി):  . താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(108)  In the preamble, in first and second paragraphs, for the word "learning" the word "education" shall be substituted.

ശ്രീ. കെ.സി. ജോസഫ്:  109,  110 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. സി.പി. മുഹമ്മദ്:  111-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി ( ശ്രീ. എം.എ. ബേബി):  ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.  മറ്റ് ദേഗതികൾ സ്വീകാര്യമല്ല

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള .1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികുയം പേരും ബില്ലിന്റെ ഭാഗമായി.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി):  2007-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ബിൽ  പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ജി. കാർത്തികേയൻ: വിദ്യാഭ്യാസത്തിന്റെ അടിത്തറയിലൂടെ മുന്നോട്ടുപോകുന്ന ഒരു സംസ്ഥാനമായ കേരളത്തിന്റെ ഏറ്റവും വലിയ സോഴ്സ് ഓഫ് ഇൻകം എന്നു പറയുന്നത് വിദ്യാഭ്യാസവും. ഏറ്റവും വലിയ കയറ്റുമതിച്ചരക്കെന്നു പറയുന്നത് മാൻപവറുമാണ്. കേരള നിയമസഭയുടെ ചരിത്രത്തിലെ ഒരു കറുത്ത ദിനമാണ് ഇന്ന്. .സർവ്വകലാശാലകളുടെ അക്കാഡമിക് സ്വാതന്ത്ര്യവും അക്കാഡമിക് മികവും ഈ നിയമത്തിലൂടെ ഹനിക്കപ്പെടുകയാണ്. ഒരു കൂട്ടം ആളുകൾ ഉന്നത വിദ്യാഭ്യാസം കയ്യാളുന്നതിനുള്ള ശ്രമമാണ് നടത്തുന്നത്. സ്വാശ്രയ വിദ്യാഭ്യാസ ബിൽ ഏകകണ്ഠമായി സഭ പാസ്സാക്കിയിട്ടുപോലും അതിലെ പല വകുപ്പുകളും ഭരണഘടനാ വിരുദ്ധമാണെന്നു ഹൈക്കോടതിയും സുപ്രീംകോടതിയും വിധി പ്രസ്താവിക്കുകയാണുണ്ടായത്. വളരെ അവധാനതയോടെ കൈകാര്യം ചെയ്യേണ്ട ഒരു വിഷയമാണിത്. ഈ ബിൽ നിയമമാക്കുന്നതുവഴി ഇടതുപക്ഷ രാഷ്ട്രീയ താൽപ്പര്യങ്ങൾ ഉന്നത വിദ്യാഭ്യാസ മേഖലയിൽ അടിച്ചേൽപ്പിക്കുകയാണ് ചെയ്യുന്നത്. കേരളത്തിൽ സമഗ്രമായ വിദ്യാഭ്യാസ വികസനത്തിനുവേണ്ടിയുള്ള ഒരു നിയമമായി ഇത് മാറ്റാൻ ശ്രദ്ധിക്കണം. ഉന്നത വിദ്യാഭ്യാസ രംഗത്ത് സമഗ്രമായ മാറ്റമാണ് സ്വപ്നം കാണുന്നതെങ്കിൽ യൂണിവേഴ്സിറ്റികളെ പിടിച്ചെടുക്കാനുള്ള ശ്രമം ഉപേക്ഷിക്കണം വ്യക്തിപരമായ വിരോധം തീർക്കാൻ ഈ നിയമത്തെ ഉപയോഗിക്കാൻ പാടില്ല. ഇക്കാര്യത്തിലുള്ള ഈ ഗവൺമെന്റിന്റെ ഉദ്ദേശ ശുദ്ധിയിൽ പ്രതിപക്ഷത്തിന് വിശ്വാസമില്ല. ഉന്നത വിദ്യാഭ്യാസ മേഖലയിലെ

അക്കാഡമിക് നിലവാരം മെച്ചപ്പെടുത്തി സർവ്വകലാശാലകളെ സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിക്കണം.

ശ്രീ. സി.എഫ്. തോമസ് ഭരണഘടനാവിരുദ്ധമാണെന്ന് അറിഞ്ഞിട്ടും അവതരിപ്പിച്ച ഈ ബില്ലിന് സ്വാശ്രയ ബില്ലിനുണ്ടായ അനുഭവംതന്നെ ഈ നിയമം നടപ്പിലാക്കി കഴിയുമ്പോഴും വരാൻ പോകുകയാണ്. നടക്കാത്ത കാര്യങ്ങൾ കൊണ്ടുവന്ന് അതിനുവേണ്ടി നിൽക്കുന്നു എന്ന് വരുത്തിത്തീർക്കാനുള്ള ശ്രമമാണിത്. ഇത് തീർച്ചയായും രാഷ്ട്രീയവൽക്കരണം തന്നെയാണ്. കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ ഗവൺമെന്റും സ്വകാര്യ മേഖലയും ഒരുമിച്ച് പോകണം. വിദ്യാഭ്യാസ രംഗത്തെ സ്വകാര്യ മേഖലയുടെ സംഭാവനകൾ കണക്കിലെടുക്കാതെ അതിന് മൂക്കുകയറിടാനുള്ള ശ്രമം ഉപേക്ഷിക്കണം. സർവ്വകലാശാലകളുടെ സ്വയംഭരണാവകാശത്തെ നിയന്ത്രിക്കാനും കൈപ്പിടിയിലൊതുക്കാനുമുള്ള ശ്രമങ്ങളാണ് ഈ സർക്കാർ നടത്തുന്നത്. കേരളത്തിലെ വിദ്യാഭ്യാസ മേഖലയെ രാഷ്ട്രീയവൽക്കരിക്കാനുള്ള നീക്കത്തെ വളരെ ഗൗരവത്തോടുകൂടി കാണുന്നതുകൊണ്ടാണ് ഇതിലെ മിക്ക വകുപ്പുകളേയും ഏതിർക്കുന്നത്.

ശ്രീ. സി.ടി. അഹമ്മദ് അലി : സഭയിലെ ഭൂരിപക്ഷമുപയോഗിച്ച് പ്രതിപക്ഷത്തിന്റെ അഭിപ്രായങ്ങളെ അവഗണിച്ചുകൊണ്ട് ഈ നിയമം പാസ്സാക്കാൻ ശ്രമിക്കുകയാണ്. സർവ്വകലാശാലകളുടെ സ്വയംഭരണാധികാരങ്ങൾ പൂർണ്ണമായും കയ്യിലൊതുക്കാനുള്ള ശ്രമമാണ് ഈ നിയമം പാസ്സാക്കുന്നതിലൂടെ നടത്തുന്നത്. സർവ്വകലാശാലാ നിയമനങ്ങളിൽ സംവരണതത്വം പൂർണ്ണമായും പാലിക്കാനുള്ള നടപടി സ്വീകരിക്കണം. അതിനാവശ്യമായ ഭേദഗതികൾ ഈ നിയമത്തിൽ

വരുത്തേണ്ടതുണ്ട്. സർവ്വകലാശാലകളെ പൂർണ്ണമായും രാഷ്ട്രീയ വൽക്കരിക്കാനുതകുന്ന ഈ നിയമത്തെ എതിർക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): 2005-ലെ ഉന്നത വിദ്യാഭ്യാസ നിയമവുമായി താരതമ്യപ്പെടുത്തുമ്പോൾ ജനാധിപത്യപരമായ ഒരു നിയമമാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. കോടതി വിധിയെ ആസ്പദമാക്കി നിയമനിർമ്മാണ കാര്യങ്ങളിൽ അഭിപ്രായം പറയുന്നത് ശരിയല്ല. ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

2007-ലെ കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ ബിൽ 20 നെതിരെ 45 വോട്ടുകളോടെ സഭ പാസ്സാക്കി.

**(ബി) 2007-ലെ മഹാത്മാഗാന്ധി സർവ്വകലാശാല(ഭേദഗതി) ബിൽ**

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ മഹാത്മാഗാന്ധി സർവ്വകലാശാല (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ളൈസും മഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. എം. മുരളി: വിയോജിപ്പ് രേഖപ്പെടുത്തുന്നു. 22 വർഷക്കാലമായി യാതൊരു പോരായ്മകളുമില്ലാതെ പ്രവർത്തിച്ചുകൊണ്ടിരുന്ന മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഭരണം പിടിച്ചെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്. ഈ യൂണിവേഴ്സിറ്റിയുടെ അക്കാഡമിക് പ്രവർത്തനം സുഗമമായി മുന്നോട്ടു കൊണ്ടുപോകാനുള്ള അവസരം നിഷേധിക്കുന്ന നടപടിയായിട്ടാണ് ഈ ബില്ലിനെ കാണുന്നത്.

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിൽ കൃത്രിമ ഭൂരിപക്ഷമുണ്ടാക്കി വൈസ് ചാൻസിലർക്ക് മൂക്കുകയറിടാനും സർവ്വകലാശാലയുടെ സ്വയംഭരണാധികാരം കവർന്നെടുക്കാനുമുള്ള ഒരു നിയമമാണിത്.. കേരളത്തിലെ പല യൂണിവേഴ്സിറ്റികളും നിയമനം നടത്തുന്നത് നേരിട്ടാണ്. എം.ജി യൂണിവേഴ്സിറ്റിയിലെ അസിസ്റ്റന്റ് ഗ്രേഡ് -II നിയമനത്തിന്റെ സെലക്ഷൻ പ്രോസ്സസ്സിന് ലാൽ ബഹദൂർ ശാസ്ത്രി സെന്ററിനെ ഏൽപ്പിച്ച നടപടി ശരിയായില്ല. സിൻഡിക്കേറ്റിന്റെ തീരുമാനം അട്ടിമറിച്ച് കമ്മീഷനെ വയ്ക്കുകയും ആ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റി നേരിട്ട് ടെസ്റ്റ് നടത്തി നിയമനം നടത്തുകയാണ്. ഇത് ജനാധിപത്യ വിരുദ്ധമാണ്. അക്കാഡമിക് സ്വാതന്ത്ര്യത്തിൻമേലുള്ള കൈകടത്തലാണ്. അതുകൊണ്ട് ഈ നിയമത്തെ എതിർക്കുന്നു.

<u>ശ്രീ. എ.പി. അനിൽകുമാർ</u>: മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിൽ നാലുപേരെ പുതുതായും. ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ നിന്ന് ഒരാളേയും ചേർത്ത് അംഗസംഖ്യ വർദ്ധിപ്പിക്കാനുള്ള സാഹചര്യം വ്യക്തമാക്കണം. ഇതുവഴി ഈ സർവ്വകലാശാലയിലെ പ്രശ്നങ്ങൾ പരിപരിക്കപ്പെടുമെന്ന് പ്രതിപക്ഷം വിശ്വസിക്കുന്നില്ല. നാല് അംഗങ്ങളുള്ള സിൻഡിക്കേറ്റിൽ അഞ്ച് അംഗങ്ങളെ വച്ചുകൊണ്ട് വൈസ് ചാൻസിലർക്ക് പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യമുണ്ടാക്കിയിരിക്കുകയാണ്. ഈ സർവ്വകലാശാലയ്ക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങളും സഹായവും നൽകി വിദ്യാഭ്യാസ മേഖലയ്ക്ക് ഗുണകരമായ മറ്റങ്ങളുണ്ടാക്കാനാണ് ശ്രമിക്കേണ്ടത്. രാഷ്ട്രീയ

താൽപര്യങ്ങൾ വച്ചുകൊണ്ട് യൂണിവേഴ്സിറ്റികളുടെ സ്വയംഭരണാവകാശത്തെ തകർക്കുന്ന നയം സ്വീകാര്യമല്ല..

<u>ശ്രീ. പി.സി. വിഷ്ണുനാഥ്:</u> സിൻഡിക്കേറ്റിൽ നാലുപേരെ പുതുതായും ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ നിന്നും ഒരാളേയും ചേർത്ത് അംഗസംഖ്യ വർദ്ധിപ്പിക്കാനുള്ള ഭേദഗതിയാണിത്. രാഷ്ട്രീയത്തിന്റെ പേരിൽ മോശക്കാരായ ആളുകളെ ഇതിൽ തിരികി കയറ്റാൻ ശ്രമിക്കുന്നത് ശരിയല്ല. ഈ സർവ്വകലാശാലയുടെ സ്വയംഭരണാധികാരം കവർന്ന് രാഷ്ട്രീയ അതിക്രമങ്ങളുടെ വേദിയാക്കാൻ ശ്രമിക്കുന്നത് ദൗർഭാഗ്യകരമാണ്. ഗവൺമെന്റിന്റെ ഉദ്ദേശശുദ്ധിയെ അങ്ങേയറ്റം ചോദ്യം ചെയ്യുന്ന സമീപനമാണ് മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

<u>ശ്രീ. എം. ഉമ്മർ</u> : വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഇടതുപക്ഷ ജനാധി പത്യ മുന്നണി യൂണിവേഴ്സിറ്റികളെയും വഖഫ് ബോർഡുകളെയും മറ്റ് സ്റ്റാറ്റ്യൂട്ടറി ബോഡികളെയും മുഴുവൻ പിടിച്ചെടുക്കുന്നതിനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഈ നടപടി വിദ്യാഭ്യാസ രംഗത്ത് ഒരു കൺസെൻസസ് ഉണ്ടാക്കി മുന്നോട്ടുകൊണ്ടുപോകുന്നതിന് സഹായകരമല്ല. ഇക്കാര്യത്തിൽ കക്ഷിരാഷ്ട്രീയത്തിന് അതീതമായി മുന്നോട്ടുപോകണം.

<u>ശ്രീ. എം.കെ. പുരുഷോത്തമൻ</u> : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ മഹാത്മാഗാന്ധി സർവ്വകലാശാല (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. യു.ഡി.എഫ്. ഭരണകാലത്ത് അങ്ങേയറ്റം രാഷ്ട്രീയ പക്ഷപാതപരമായ നടപടി സ്വീകരിച്ച ഒരു സിൻഡിക്കേറ്റാണ് അവിടെയുണ്ടാ യിരുന്നത്. ഈ ഗവൺമെന്റ് സമൂഹത്തിലെ നാനാ മേഖലകളിൽ വ്യാപരി

ക്കുന്ന വിദഗ്ദ്ധരായ 5 പേരെ സിൻഡിക്കേറ്റിൽ ഉൾപ്പെടുത്താൻവേണ്ടിയുള്ള നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എ. ബേബി): വളരെ പരിമിതമായ ഉദ്ദേശങ്ങളുള്ള ഒരു ബില്ലാണ് ഇവിടെ കൊണ്ടു വന്നിട്ടുള്ളത്. സിൻഡിക്കേറ്റിൽ വളരെ സത്യസന്ധമായ രീതിയിലുള്ള നിയമ നമാണ് നടത്തുന്നത്. സർവ്വകലാശാലയിലെ ഗ്രേഡ്-2 അസിസ്റ്റന്റിന്റെ നിയമനം സംബന്ധിച്ച തർക്കങ്ങളിൽ ഇടപെടാതെ സിൻഡിക്കേറ്റിൽ നിക്ഷി പ്തമായിട്ടുള്ള അധികാരം വിനിയോഗിച്ചുകൊള്ളട്ടെ എന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ധനകാര്യ വകുപ്പുമായി ചർച്ച ചെയ്ത് അധ്യാപകരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഈ നിയമം പാസ്സാകുന്നതോടുകൂടി രാഷ്ട്രപിതാവിന്റെ നാമധേയത്തിലുള്ള എം.ജി. സർവ്വകലാശാലയെ മികവിന്റെ പാതയിലേയ്ക്ക് മുന്നോട്ടുകൊണ്ടു പോകുകയെന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുള്ള ചുവടുവയ്പ് ആയി രിക്കും നടക്കുക. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ മഹാത്മാ ഗാന്ധി സർവ്വകലാശാല (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എ. ബേബി) : രണ്ടാം വകുപ്പിൽ (ജെ) ഉപവകുപ്പിൽ “The Member nominated

by the Executive Council of the Kerala State Higher Education Council" എന്നതു കഴിഞ്ഞിട്ട് "from among its Members". എന്നുകൂടി ചേർക്കണം എന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ.എം. ഉമ്മർ : 126, 142 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ.കെ. ബാബു : 138-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എ. ബേബി) : വാക്കാൽ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 3-ാം വകുപ്പ്

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എ. ബേബി) : 2007-ലെ മഹാത്മാഗാന്ധി സർവ്വകലാശാല (ഭേദഗതി) ബിൽ പാസ്സാക്കണ മെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

2007-ലെ മഹാത്മാഗാന്ധി സർവ്വകലാശാല (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം 16-നെതിരെ 39 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

### (സി) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എ. ബേബി): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ.മാത്യു ടി. തോമസ്): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എം. മുരളി : വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഇവിടെ പാസ്സാക്കിയ 2007-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ബില്ലിൽ കൗൺസിലിന്റെ ഭരണസമിതിയിൽനിന്ന് സർവ്വകലാശാലകളുടെ സിൻഡിക്കേറ്റിലേയ്ക്ക് അംഗത്തെ നിയമിക്കാനുള്ള വ്യവസ്ഥയ്ക്ക് നിയമ പ്രാബല്യം നൽകാനാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. ഇത് ഓർഡിനൻസായി കൊണ്ടുവരാതെ നിയമസഭയിൽ ചർച്ച ചെയ്ത് നടപ്പിലാക്കിയാൽ മതിയായി

രുന്നു. ഇത് നിയമമാക്കുന്നതിനുമുമ്പുതന്നെ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റി ലേയ്ക്ക് അംഗത്തെ നോമിനേറ്റ് ചെയ്യാനുള്ള ധൃതിയാണ് ഗവൺമെന്റ് കാണിച്ചത്. ഇവിടെ ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിയമം പാസ്സാ ക്കിയതോടെ എല്ലാ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിലേയ്ക്കും ഒരാളെ വീതം നോമിനേറ്റ് ചെയ്യാൻ പറ്റുമെങ്കിലും കാർഷിക സർവ്വകലാശാലയുടെ ആക്ടിൽ മാറ്റം വരുത്തിയാൽ മാത്രമേ അത് സാധ്യമാകുകയുള്ളൂ. ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ പ്രതിനിധിയായി വരുന്ന പുതിയ സിൻഡി ക്കേറ്റ് മെമ്പർ വൈസ്ചാൻസലറെ പോലും നിയന്ത്രിക്കാൻ പോകുന്ന സാഹചര്യം ഉണ്ടാകരുത്. ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ പ്രതിനിധി എക്സ്-ഒഫിഷ്യോ മെമ്പർ ആകുകയാണെങ്കിൽ കൗൺസിൽ പ്രതിനിധി കൾക്ക് ഒരു നിയന്ത്രണം ഉണ്ടാകും.

<u>ശ്രീ. എ.പി. അനിൽകുമാർ</u> : വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പ്രതിനിധിയെ എക്സ്-ഒഫിഷ്യോ അംഗമാക്കി പരിമിതമായ അധികാരം നൽകണം. അതിന് എക്സ്-ഒഫിഷ്യോ എന്നുള്ളത് ചേർത്ത് ഡെഫിനിഷൻ ക്ളോസ്സിൽ മാറ്റം വരുത്തണം. കാർഷിക യൂണിവേ ഴ്സിറ്റിയിൽ ആവശ്യമായ നിയമ ഭേദഗതി കൊണ്ടുവരണം.

<u>ശ്രീ. പി.സി. വിഷ്ണുനാഥ്</u> : വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഓരോ സർവ്വകലാശാലയ്ക്കുമായി ഈ സഭ ആധികാരികമായി ചർച്ച ചെയ്ത് കൊണ്ടുവന്നിട്ടുള്ള നിയമത്തെ ഇവിടെ മറികടക്കുകയാണ്. എല്ലാ കാര്യങ്ങ ളിലും ഗവൺമെന്റ് കൈകടത്തുന്ന രീതിയാണ് ഇവിടെ കാണുന്നത്. വിയോ ജനക്കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുള്ള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കാര്യത്തിൽ ഒരു വ്യക്തത ഉണ്ടാകണം. യു.ജി.സി.യുടെ നിർദ്ദേശ പ്രകാരം

ഏകീകൃത അക്കാഡമിക് കലണ്ടർ പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. എം. ഉമ്മർ</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഒരു മുസ്ലീം വനിത കാലിക്കറ്റ് സർവ്വകലാശാല വൈസ്ചാൻസലറായിരിക്കുന്നതിൽ വലിയ അൽഭുതമൊന്നുമില്ല. നജ്മ ഹെപ്ത്തുള്ളയെപ്പോലുള്ള പല വനിതകളും ഉന്നതസ്ഥാനങ്ങൾ അലങ്കരിച്ചിട്ടുണ്ട്. .സർവ്വകലാശാലകളിലെ ശിപായിമാർ, ലക്ചറർമാർ, മിനിസ്റ്റീരിയൽ സ്റ്റാഫ് എന്നിവരെ നിയമിച്ചപ്പോൾ സംവരണതത്വം പാലിക്കപ്പെട്ടിട്ടുണ്ടോയെന്ന കാര്യം പരിശോധിക്കണം.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ:</u> സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഹയർ എഡ്യുക്കേഷൻ കൗൺസിൽ മുഖേന സംസ്ഥാനത്തെ നാല് സർവ്വകലാശാലകളും രാഷ്ട്രീയവൽക്കരിക്കപ്പെടുമെന്നതു തീർച്ചയാണ്. അതോടെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ സങ്കൽപ്പം തകരാനിടയാകും. യൂണിവേഴ്സിറ്റികളിലെ അക്കാഡമിക് സ്വാതന്ത്ര്യം പൂർണ്ണമായും ഇല്ലാതാകു ന്നതിലൂടെ ജനാധിപത്യ സ്വാതന്ത്ര്യം നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. സർവ്വകലാശാലകളിലെ നിയമനങ്ങളിൽ രാഷ്ട്രീയാതിപ്രസരമുണ്ടാകാനിടവരുത്തരുത്. സിൻഡിക്കേറ്റ് യോഗങ്ങളിൽ പലപ്പോഴും അക്കാഡമിക് വിഷയങ്ങൾ ചർച്ച ചെയ്യപ്പെടാറില്ല എന്നത് അത്യന്തം ഖേദകരമാണ്. അതുകൊണ്ട് 4 സർവ്വകലാശാലകളിലെ പ്രതിനിധികൾക്ക് പരമാധികാരം നൽകാതെ അവരെ എക്സ് ഒഫിഷ്യോ മെമ്പർമാരായി നിലനിർത്തി സർവ്വകലാശാലകളുടെ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. വി.ജെ. തങ്കപ്പൻ:</u> സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം.എ. ബേബി):</u> ഹയർ എഡ്യുക്കേഷൻ കൗൺസിൽ പ്രവർത്തനങ്ങൾ ഉടൻ പ്രാബല്യത്തിൽ കൊണ്ടുവരാൻ വേണ്ടി ഓർഡിനൻസ് പുറപ്പെടുവിച്ചതു കൊണ്ടാണ് നാല് സർവ്വകലാശാലകളിലും അനുബന്ധ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഓർഡിനൻസ് പുറപ്പെടുവിച്ചത്. കാർഷിക സർവ്വകലാശാലയെ സംബന്ധിച്ച് കൃഷി വകുപ്പുമായി ചർച്ച ചെയ്ത് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. .കേന്ദ്ര ആക്റ്റും യു.ജി.സി. നിർദ്ദേശങ്ങളും മാർഗ്ഗരേഖകളും അനുസരിച്ച് പ്രവർത്തിക്കുന്ന Deemed University-കളെ സംബന്ധിച്ചും ചർച്ച ചെയ്ത് തീരുമാനിക്കാവുന്നതാണ്. അക്കാഡമിക്ക് നിലവാരത്തിൽ സർവ്വസമ്മതരായ 5 പേരെയാണ് ഹയർ എഡ്യുക്കേഷൻ കൗൺസിലിൽ നിയമിക്കുന്നത്. അവരിൽ നിന്നുള്ള ഒരാളിനെയാണ് നോമിനേറ്റ് ചെയ്യുന്നത്. അതുകൊണ്ട് എക്സ്-ഒഫിഷ്യോ അംഗങ്ങളാക്കേണ്ട കാര്യമില്ല. പരീക്ഷാ നടത്തിപ്പിനും സമയാസമയങ്ങളിൽ ഫലപ്രഖ്യാപനം നടത്തുന്നതിനുമായി സർവ്വകലാശാലകൾക്ക് ഒരു ഏകീകൃത അക്കാഡമിക് കലണ്ടറിന് രൂപം നൽകിയിട്ടുണ്ട്. സർവ്വകലാശാലാ ചട്ടങ്ങൾ അനുസരിച്ച് അതതു സർവ്വകലാശാലകളാണ് അവിടത്തെ ജീവനക്കാരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നത്. സർവ്വകലാശാലാ നിയമനങ്ങളിൽ സംവരണതത്വം പാലിക്കുന്നതുമായി

ബന്ധപ്പെട്ട  പരാതികൾ ലഭിച്ചാൽ ഗൗരവതരമായി പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.  ഈ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## 2-ാം വകുപ്പ്

2-ാം വകുപ്പ്  ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ്  ബില്ലിന്റെ ഭാഗമായി.

## 3 -ാം വകുപ്പ്

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 122-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ.ബേബി): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

3-ാം വകുപ്പ്  ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ്  ബില്ലിന്റെ ഭാഗമായി.

## 4-ാം വകുപ്പ്

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 129-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: 130-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 5 -ാം വകുപ്പ്

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 135-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. സി.ടി. അഹമ്മദ് അലി: 136-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ.ബേബി): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## <u>6-ാം വകുപ്പ്</u>

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## <u>1-ാം വകുപ്പും പീഠികയും പേരും</u>

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം. എ.ബേബി):</u> 2007-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ):</u> പ്രമേയത്തെ പിന്താങ്ങുന്നു.

2007-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം 15-നെതിരെ 48 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സഭ വൈകുന്നേരം 5.15-ന് പിരിഞ്ഞു.

******************